
# ഗിരിദീപം

ജൂൺ 2023



ജൂൺ 16

തിരുഹൃദയത്തിരുനാൾ

# നന്ദിയോടെ .....



റവ. ഫാ. ജോർജ് തെക്കുംചേരിൽ



റവ. ഫാ. ജോർജ് പുതുമന



റവ. ഫാ. ജോസഫ് കറുകമാലിൽ

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ ആത്മാർപ്പണം നടത്തി
സ്തുത്യർഹമായ അജപാലന ശുശ്രൂഷ പൂർത്തിയാക്കി
വിശ്രമജീവിതത്തിനായി കരുവഞ്ചാൽ ശാന്തിഭവനിൽ
എത്തിയ ബഹു. വൈദികസഹോദരങ്ങൾക്ക്

**ഹൃദയം നിറഞ്ഞ നന്ദി.**

അനുഗൃഹീതമായ വിശ്രമകാലം ആശംസിക്കുന്നു.

ജൂൺ 2023

വാല്യം 06
ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 410/2023, Circular No.06/2023 .................................. 05
2. പരി. പിതാവിന്റെ സന്ദേശം - ദൈവവിളി - കൃപയും ദൗത്യവും ............ 08
3. കച്ചേരിക്കാര്യം ............................................................................ 15
4. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ...................................................... 34
5. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........................................................... 41
6. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............................................................. 46
7. തിരുബാലസഖ്യം ........................................................................... 52
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................................................................. 54
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ................................................................. 58
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................................................... 62
11. സാൻജോസ് അക്കാദമി ..................................................................... 67
12. വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ............................................ 68
13. ADAM ......................................................................................... 71
14. ലെ അപ്പൊസ്റ്റൊലേറ്റ് ....................................................................... 73
15. മദ്യവിരുദ്ധ സമിതി ......................................................................... 75
16. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ................................................ 77
17. ഇൻഫാം ........................................................................................ 79
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............................ 81
19. Engagements - June (Archbishop Mar Joseph Pamplany) .......... ....... 85
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......................... 86
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........................... 89
22. Engagements - June (Archbishop Mar George Valiamattam) .......... ..90

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 410/ 2023, Circular No. 06/2023

## പുതിയ അധ്യയന സംരംഭങ്ങൾ

ഈശോയിൽ പ്രിയപ്പെട്ടവരെ,

പുതിയ അധ്യയന വർഷത്തിലേക്ക് നമ്മുടെ മക്കൾ പ്രവേശിക്കുകയാണല്ലോ. പുതുവർഷത്തിലെ അവരുടെ അധ്യയനവും ആരോഗ്യവും അനുഗ്രഹീതമാകാൻ നമുക്കു പ്രാർത്ഥിക്കാം. വിദ്യാഭ്യാസം ഏറെ സങ്കീർണ്ണതകളെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കളും സമൂഹവും മക്കളെ പൂർവ്വാധികം തീക്ഷ്ണമായി അനുയാത്ര ചെയ്യേണ്ടതുണ്ട്. നമ്മുടെ മക്കൾക്കുവേണ്ടി ചതിക്കുഴികൾ ഒരുക്കിയിരിക്കുന്നവരെക്കുറിച്ചുള്ള കരുതൽ മാതാപിതാക്കൾക്കുവേണം. മക്കളുമായുള്ള ഹൃദയബന്ധത്തിലൂടെ മാത്രമേ ഇത്തരം പ്രതിസന്ധികളെ തിരിച്ചറിയാനും പ്രതി രോധിക്കാനും മാതാപിതാക്കൾക്കു കഴിയുകയുള്ളൂ.

വിദ്യാർത്ഥികളെ അവരുടെ നല്ല ഭാവി ലക്ഷ്യമാക്കി അനുയാത്ര ചെയ്യുന്ന ഒരു സഹായപദ്ധതി (Student Accompanying Program) അതിരൂപതാ തലത്തിൽ ആരംഭിക്കുകയാണ്. നമ്മുടെ മക്കളിൽ അന്തർലീനമായ യഥാർത്ഥ കഴിവുകളെ കണ്ടെത്താനുമായി എട്ടാം ക്ലാസ്സ് മുതൽ അവരെ അനുയാത്രചെയ്ത് സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ സൺഡേസ്കൂളുമായി ബന്ധപ്പെടുത്തി ഇതിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. മാതാപിതാക്കളും മക്കളും ഈ പദ്ധതിയുടെ നന്മകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണം. ഇതിന്റെ വിശദാംശങ്ങൾ സൺഡേസ്കൂളുകൾ വഴി ലഭ്യമാക്കുന്നതാണ്.

ഈ പദ്ധതിയുടെ അനുബന്ധമായി അതിരൂപതാതലത്തിൽ ആരംഭിക്കുന്ന രണ്ടു പരിശീലന പദ്ധതികൾ പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാലുടൻ വിദേശ പലായനം എന്ന പൊതുധാരണയെ തിരുത്തുവാൻ സമയമായി. ഇന്ന് നമ്മുടെ വിദ്യാർത്ഥികൾ കൂട്ടത്തോടെ വിദേശത്തുള്ള സ്വകാര്യ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിൽ അതിശക്തമായ ആഭിമുഖ്യം പ്രകടിപ്പിക്കുന്നത് നാടിന്റെ ശോഷണത്തിനും കുടുംബ ബന്ധങ്ങളിലെ ഒറ്റപ്പെടലിനും കാരണമാകുന്നുണ്ട്. നമ്മുടെ കുടുംബ ങ്ങളിലെ വളർന്നുവരുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളെ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളിൽ മികച്ച ജോലികൾ നേടുന്നതിനായി പ്രാപ്തരാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. പലപ്പോഴും ഗവൺമെന്റ് ജോലികളുടെ സുസ്ഥിരതയെക്കുറിച്ചും അതിന്റെ നന്മകളെക്കുറിച്ചും ജീവിതശൈലികളെക്കുറിച്ചും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കുമുള്ള അജ്ഞതയാണ് അവരെ ഇതിൽനിന്ന് പിന്തിരിപ്പിക്കുന്നത്.

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ്, ഇന്ത്യൻ ഫോറിൻ സർവ്വീസ്, ഇന്ത്യൻ റവന്യൂ സർവ്വീസ് മുതൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയും പബ്ലിക് സെക്ടർ കമ്പനികളുടെയും പൊതുമേഖല ബാങ്കുകളിലെയും ജുഡീഷറി സർവ്വീസുകളിലെയും തൊഴിലവസരങ്ങൾ എന്തൊക്കെയാണെന്ന് പഠിക്കുന്നതിനും അത് നേടിയെടുക്കുന്നതിന് നമ്മുടെ വിദ്യാർത്ഥി കളെ പ്രാപ്തരാക്കുകയും ചെയ്യുന്നതിനും അതിരൂപത ആഗ്രഹി ക്കുന്നു. ഇതിനായി സിവിൽ സർവ്വീസ് പരീക്ഷാപരിശീലനരംഗത്ത് ദേശീയ തലത്തിൽ പ്രാഗ്ത്ഭ്യം തെളിയിച്ചിട്ടുള്ള ഏജൻസികളുടെ സഹായത്തോടെ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ഡിഗ്രി അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയുള്ളവരും ഡിഗ്രിക്ക് പഠിക്കുന്ന വരുമായ വിദ്യാർത്ഥിനീവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി അവസരമൊരുക്കുകയാണ്.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സർവ്വീസുകളിൽ ജോലി ലഭിക്കാൻ നമുക്കും അവകാശമുണ്ടെന്ന സത്യം മനസ്സിലാക്കി എല്ലാ മാതാ പിതാക്കളും തങ്ങളുടെ മക്കളെ ഈ മേഖലയിലേയ്ക്ക് ഇതിനായി പ്രോത്സാഹിപ്പിക്കണം. 2023 ജൂൺ 10-ാം തീയതിക്കു മുമ്പായി ഈ പരിശീലന പദ്ധതിയിലേക്ക് അപേക്ഷിക്കുകയും ചെയ്യണം. കേരളത്തിലെ മുൻ ഡിജിപിമാർ, മുൻ വൈസ് ചാൻസലർമാർ, മുൻ ഇന്ത്യൻ അംബാസിഡർമാർ തുടങ്ങി രാജ്യത്തിന്റെ വിവിധ

ഭാഗങ്ങളിലുള്ള നിരവധി അനുഭവസമ്പന്നരായ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതിയുടെ കാലാവധി ഒരു വർഷമാണ്. യുപിഎസ്‌സി, സിവിൽ സർവീസസ്, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, റെയിൽവേ, ബാങ്ക്, പിഎസ്‌സി, കെഎഎസ് തുടങ്ങി 568 അധികം മത്സരപരീക്ഷകളെക്കുറിച്ച് വ്യക്തമായ ധാരണ കുട്ടികളിൽ രൂപപ്പെടുത്തുന്നതിനും അനവധി മത്സരപരീക്ഷകളിൽ വിജയിക്കുന്നതിനും വേണ്ട എല്ലാ വിജ്ഞാനങ്ങളും ഉൾച്ചേർത്തു കൊണ്ട് ക്രമപ്പെടുത്തിയിരിക്കുന്ന ഈ പരിപാടിയിലേക്ക് അതിരൂപതയിലെ അർഹരായ എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികളെയും സ്വാഗതം ചെയ്യുന്നു.

രണ്ടാമതായി, മെഡിക്കൽ, എഞ്ചിനീയറിംഗ് മേഖലകളിലെ വിവിധങ്ങളായ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് നാളിതുവരെ മലബാറിൽ നിലവാരമുള്ള പരിശീലനകേന്ദ്രങ്ങളുടെ കുറവുണ്ടായിരുന്നു. മധ്യകേരളത്തെയാണ് നമ്മുടെ മക്കൾ ഇതിനായി ആശ്രയിച്ചിരുന്നത്. ഈ പ്രതിസന്ധിക്ക് പരിഹാരമായി ഒരു വർഷം നീളുന്ന മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള തീവ്ര പരിശീലന പദ്ധതി നമ്മുടെ അതിരൂപതയും പാലാ ബ്രില്ല്യന്റ് അക്കാദമിയും ചേർന്ന് നടപ്പിലാക്കുകയാണ്. തലശ്ശേരി മാതാസെന്റർ ആസ്ഥാനമാക്കി നടത്തുന്ന ഈ പരിശീലന പദ്ധതിയും താല്പര്യമുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വിജ്ഞാനത്തിലും അറിവിലും വളർന്ന് ഉത്തമ പൗരന്മാരായി സഭക്കും സമൂഹത്തിനും ഉപകരിക്കുന്ന ശ്രേഷ്ഠ വ്യക്തിത്വങ്ങളാകുവാൻ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയനവർഷം ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളെ ഏവരേയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ഞാൻ ആശീർവദിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 മെയ് 28 പെന്തക്കുസ്താതിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 ജൂൺ 4–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3861/K-5/KCBC/OL/DS 06.05.2023

## 2023-ലെ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനത്തിനുവേണ്ടിയുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## ദൈവവിളി: കൃപയും ദൗത്യവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട യുവതീയുവാക്കന്മാരേ,

1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമധ്യേ വിശുദ്ധ പോൾ ആറാമൻ പാപ്പാ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ചശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇത് ആഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും, വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മധ്യേ, ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, "ദൈവവിളി കൃപയും ദൗത്യവും" എന്നതാണ്. ദൈവത്തിന്റെ വിളിയെന്നത് കൃപയാണെന്ന്, സമ്പൂർണദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യ അവസരമാണ് ഈ ദിനം; അതോടൊപ്പം സുവിശേഷം അന്യരിലേക്ക് എത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മക കൂട്ടായ്മയിൽ നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അത് നമ്മെ ഏറെ ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റെതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തര ബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്ഥിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെകുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അത് നാം ഒറ്റയ്ക്ക് നടപ്പിൽവരുത്തുന്ന ഒന്നല്ല; അത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത് എപ്പോഴും സഭാത്മക കൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അത് ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടത്തോടുകൂടെ സ്നേഹകൂട്ടായ്മയിൽ ജീവിക്കണമെന്നത്.

**“ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ”**

അപ്പോസ്തലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തറന്നുവയ്ക്കുന്നു: പിതാവായ ദൈവം, ക്രിസ്തുവിൽ, “തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, യേശുക്രിസ്തുവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടന്നു മുൻകൂട്ടി നിശ്ചയിച്ചു” (എഫേ 1, 4-5). ജീവിതത്തെ അതിന്റെ പൂർണ അർഥത്തിൽ നോക്കിക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു: ദൈവം നമ്മെ “ഗർഭംധരിച്ചത്” തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടന്നു നമ്മെ അവിടത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിനും സ്നേഹത്തോടൊപ്പവുമാണ് നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പന്ഥാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യമായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിരന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കു വരുന്നു. അത് നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അത്ഭുതപാരവശ്യം കൊണ്ടു നിറയ്ക്കുന്നു; അത് നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ട് ജ്വലിപ്പിക്കുന്നു. ചില സമയങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മിലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21-ാംതിയതി എനിക്ക് അപ്രകാരമായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദേവാലയത്തിന്റെ മുമ്പിലെത്തുകയും അവിടെ കുമ്പസാരകൂദാശയ്ക്കു അണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്ന് ഒരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അത് ഇന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാനമാണ് വെളിച്ചത്തുവരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളകളിൽ, പ്രാർഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ. നമ്മൾ ദൈവവചനം കേൾക്കുകയും അത് നമ്മോട് നേരിട്ട് സംസാരിച്ചതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹസഹോദരനോ

സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകുമ്പോൾ - ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മകതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടത്തെ കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് "ദൈവികമായ ഒരു തെരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര പ്രവർത്തനമാണ്"; അത് ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടിമുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അത് നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവയ്ക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാംതന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളി എന്നതിനെക്കുറിച്ച് നമുക്കു പറയാവുന്ന അടിസ്ഥാന ഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീസഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യാ ഇക്കാര്യം "കണ്ടപ്പോൾ" വ്യക്തമായി ഉദ്ഘോഷിച്ചു; "ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു... എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

### "ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്"

ദൈവത്തിന്റെ വിളി ഒരു "പറഞ്ഞയയ്ക്കൽ" ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളി ഇല്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്ക് പകർന്നുകൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളി എന്നത് നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണ് നല്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കോറി 9,16). യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്, "ഞങ്ങൾ കേട്ടതും കണ്ടതും, വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണ

മാക്കുന്നതിനായി ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1, 1-4 കാണുക).

അഞ്ചുവർഷംമുമ്പ് "*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ*" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, "നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു ദൗത്യമായി കാണേണ്ടതുണ്ട്" (ഖ. 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, "ഞാൻ തന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താലാണ് ഞാൻ ഈ ഭൂമിയിൽ ആയിരിക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം*, ഖ. 273).

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ സന്തോഷപൂർവകമായ സാക്ഷ്യം ഒരുമിച്ച് നല്കുക എന്നതാണ് നമ്മുടെ ദൗത്യം. യേശുവിനോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്ന നിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇത് സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലി വഴിയായി. അത് പലതിനെയും പലരെയും പാഴ്‌വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമിപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായിത്തീർന്നുകൊണ്ട് (ലൂക്കാ 10, 25-37 കാണുക) ക്രിസ്തീയ ദൈവവിളിയുടെ മർമം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന യേശുക്രിസ്തുവിനെ അനുകരിക്കുക എന്നത് (മർക്കോ 10, 45 കാണുക).

ഇവ്വിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽ നിന്നോ, പദ്ധതികളിൽനിന്നോ ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സൽകൃത്യങ്ങൾ പരിശീലിപ്പിക്കുക എന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽ നിന്നുമല്ല അതു വരുന്നത്; അത് യേശുവുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്കു ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം "അപ്പോസ്തലന്മാരാകും." അപ്പോഴാണ്, "പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യംവഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ

മനസ്സിലാക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം* ഖ. 273).

എമ്മാവുസിലേക്കു യാത്ര ചെയ്ത രണ്ടു ശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷ ചിത്രം. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയശേഷം അവർ പരസ്പരം പറഞ്ഞു: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?" (ലൂക്കാ 24, 32). "ഹൃദയം അഗ്നിയാൽ ജ്വലിക്കുക", "പാദങ്ങൾ നീങ്ങിക്കൊണ്ടിരിക്കുക" എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽ നിന്നു നമുക്കു മനസ്സിലാക്കാനാകും. ലിസ്ബനിൽ നടക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നംവച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശ ഇതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി" (ലൂക്കാ 1,39). ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റ് തിടുക്കത്തിൽ പോകാൻ എല്ലാ സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെ എന്നതാണെന്റെ ആശംസ.

**ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവർ**

പന്ത്രണ്ട് ശിഷ്യന്മാരെ ഓരോരുത്തരെയും യേശു തന്റെ പക്കലേക്ക് പേര് ചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നു. തന്നോടുകൂടെ ആയിരിക്കാനും സന്ദേശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനുംവേണ്ടി അയക്കപ്പെടാനുമായി അവിടന്ന് അവരെ നിയോഗിച്ചു (മർക്കോ 3,13 കാണുക). അങ്ങനെ കർത്താവ് തന്റെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ പന്ത്രണ്ടുപേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവനായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളികളെകുറിച്ചും പറയുന്നു, അതായത്, 72 ശിഷ്യരുടെ വിളി; അവരെ യേശു ഈരണ്ടുപേരെവച്ച് പറഞ്ഞയച്ചു (ലൂക്കാ 10,1 കാണുക).

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണം എന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെ ഇടയിൽ പരസ്പരം സ്നേഹം പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും (യോഹ 13,34; 15,12) അങ്ങനെ യേശുക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്. സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അത് നമുക്കു ലഭി

ച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും (charisms) ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുക എന്ന നമ്മുടെ പൊതുവായ വിളി വികാസംപ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അത്മായരായ സ്ത്രീപുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹിക സഭ* എന്നപോലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവചനാത്മക സൂചന എന്നവിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണമായി അർപ്പിച്ചിരിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ - ഡീക്കന്മാർ പുരോഹിതർ, മെത്രാന്മാർ - വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധ ജനത്തിന്റെ കൂട്ടായ്മ വളർത്താൻ നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ള എല്ലാവരുമായുള്ള ബന്ധത്തിൽ മാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ഒരു ദൈവവിളികളുടെ "സ്വരലയം" (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്ത വും അതേസമയം സംയോജിച്ചതും, അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ച് ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

**കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും, ഇടവക സമൂഹങ്ങളിലും സമർപ്പിത ജീവിത സമൂഹങ്ങളിലും, സഭാപരമായ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെകുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും നമ്മുടെ സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ (1 യോഹ 4, 16 കാണുക) മക്കളായി ഓരോ ദിവസവും പുനർജ

നിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവിടന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും, ദാരിദ്ര്യവും മരണവും ഉള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻ വേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വിശുദ്ധ പോൾ ആറാമൻ 1964 ഏപ്രിൽ 11-ാംതീയതി ആദ്യത്തെ ലോകദൈവവിളി ദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ: "ആത്മാക്കളുടെ ദിവ്യ ഇടയനായ യേശുവേ, നീ അപ്പോസ്തലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെപ്പിടിക്കുന്നവരാക്കുകയും ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്ന് തീക്ഷ്ണമതികളും ഉദാരമനസ്ക്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാകട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും, 'ഭൂമിയുടെ ഉപ്പും' 'ലോകത്തിന്റെ പ്രകാശവും' (മത്താ 5,13) ആയി ഭവിക്കുകയും ചെയ്യുമാറാകട്ടെ."

കന്യകമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം!

*പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാം തീയതി റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് നല്കപ്പെട്ടത്.*

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# കച്ചേരിക്കാര്യം
## ജൂൺ 2023

### 1. ബഹു. വൈദികരുടെ നിയമനങ്ങൾ

| | | | |
|---|---|---|---|
| 1. | അച്ചാണ്ടിയിൽ ജോർജ് | വികാരി | ചരൾ |
| 2. | ആമക്കാട്ട് തോമസ് | ഡയറക്ടർ | പ്രീസ്റ്റ് ഹോം |
| 3. | അറക്കൽ കുര്യാക്കോസ് | വികാരി | മുളപ്ര |
| 4. | അരീക്കാട്ട് പയസ് | ഉപരിപഠനം | റോം |
| 5. | ആശാരിക്കുന്നേൽ ജോർജ് | വികാരി | എടക്കാനം, |
| | | ഡയറക്ടർ | സാന്തോം എസ്റ്റേറ്റ് |
| 6. | ചാലിൽ ജോർജ് | വികാരി | ശാന്തിനഗർ |
| 7. | ചക്കനാനിക്കൽ സ്കറിയ | വികാരി | കുന്നുംകൈ |
| 8. | ചക്കാനിക്കുന്നേൽ തോമസ് | വികാരി | വെള്ളരിയാനം |
| 9. | ചെല്ലങ്കോട്ട് മാത്യു | വികാരി | രാജമുടി (അധിക ചുമതല) |
| 10. | ചേലമരം ജോർജ് | വികാരി | മഞ്ഞളാംപുറം |
| 11. | ചെരിയംപുറത്ത് വർഗീസ് | വികാരി | പാണത്തൂർ |
| 12. | ഇലഞ്ഞിപ്പറമ്പിൽ ജെയിംസ് | വികാരി | കാലാങ്കി |
| 13. | ഇലവുങ്കൽ ജോർജ് (ജൂനിയർ) | വികാരി | മാട്ടറ |
| 14. | എടയാടിയിൽ സെബാസ്റ്റ്യൻ | വികാരി | ചെങ്ങോം |
| | Asso. Professor : നിർമലഗിരി ആർട്സ് ആന്റ് സയൻസ് അക്കാഡമി | | |
| 15. | ഏഴുപറ ജോസഫ് | വികാരി | പൂപ്പറമ്പ (അധിക ചുമതല) |
| 16. | ഇട്ടിയപ്പാറ സെബാസ്റ്റ്യൻ | വികാരി | തേർമല |
| 17. | കളരിമുറിയിൽ ജോർജ് | ഡയറക്ടർ | ആദം |
| | | | പാസ്റ്ററൽ സെന്റർ പടന്നക്കാട് |
| 18. | കടുംമ്പന്താനം ജോസഫ് O. Praem | വികാരി | ഉരുപ്പുംകുറ്റി |
| 19. | കാക്കരമറ്റത്തിൽ ജോസഫ് | മാനേജർ | |
| | | സാൻജോസ് മെട്രോ പോളിറ്റൻ സ്കൂൾ (അധിക ചുമതല) | |

| | | |
|---|---|---|
| 20. കാഞ്ഞിരത്തിങ്കൽ ജോസഫ് | വികാരി | ചുള്ളി |
| 21. കരിമ്പൂഴിക്കൽ ജോസഫ് | മിഷനറി വർക്ക് | പഞ്ചാബ് മിഷൻ |
| 22. കറുകമാലിൽ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 23. കായാമ്മാക്കൽ മാത്യു | വികാരി | പെരിങ്ങാല |
| 24. കൊച്ചുവീട്ടിൽ പീറ്റർ | ഉപരിപഠനം | റോം |
| 25. കൂവപ്പാറയിൽ ജോൺ | വികാരി | തിരൂർ |
| | ഡയറക്ടർ | മീഡിയ അപ്പൊസ്റ്റൊലേറ്റ് |
| 26. കോവാട്ട് ജോർജ് | ഡയറക്ടർ | ഫാമിലി അപ്പൊസ്റ്റൊലേറ്റ് |
| 27. കൊട്ടുകാപ്പള്ളി മാത്യു | വികാരി | വാണിയപ്പാറ |
| 28. കോയിപ്പുറം ജോസഫ് (സീനിയർ) | വികാരി | കോഴിച്ചാൽ |
| 29. കുടിപ്പറമ്പിൽ ചാക്കോ | വികാരി | ബദിയഡുക്ക |
| 30. കുന്നേൽ മാത്യു | വികാരി | പാത്തൻപാറ |
| 31. കുടിലിൽ മാത്യു | പ്രോ. വികാരി | മുള്ളേരിയ-ദേലംപാടി |
| 32. കുന്നത്ത് വർഗ്ഗീസ് | വികാരി | കനകക്കുന്ന്, |
| | Asso. Professor : VJEC | |
| 33. കുരീക്കാട്ടിൽ ജോസഫ് | | മെഡിക്കൽ ലീവ് |
| 34. കുറ്റിക്കാട്ടുകുന്നേൽ ജേക്കബ് | വികാരി | കോലുവള്ളി |
| 35. കുരിശുംമൂട്ടിൽ ജോസഫ് | വികാരി | മണിപ്പാറ |
| 36. മാളക്കാരൻ ജോസഫ് | ബർസർ, സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ | |
| 37. മണ്ണൂർ ജോൺ | പ്രോ. വികാരി | അൽഫോൻസാഗിരി |
| | അസി. ഡയറക്ടർ | ശാന്തിഭവൻ |
| 38. മഞ്ഞളാംകുന്നേൽ ജോസഫ് | വികാരി | ആനറ |
| 39. മേപ്രത്ത് ജസ്റ്റിൻ HGN | വികാരി | ജോസ്ഗിരി |
| 40. മുല്ലമംഗലം സെബാസ്റ്റ്യൻ | പാസ്റ്ററൽ മിനിസ്ട്രി സ്വിസ്റ്റ്സർലന്റ് | |
| 41. നടുവിലേക്കൂറ്റ് തോമസ് | ഉപരിപഠനം | ബാംഗ്ലൂർ |
| 42. നെടുങ്ങാട്ട് ജേക്കബ് | വികാരി | ആയന്നൂർ |
| 43. നൂറാമ്മാക്കൽ ജോൺ | വികാരി | ചീക്കാട് |
| 44. ഒടിയത്തിങ്കൽ ലോറൻസ് SCJ | വികാരി | ചാവറഗിരി |
| 45. ഒറ്റപ്ലാക്കൽ അബ്രാഹം | വൈസ്-റെക്ടർ | മൈനർ സെമിനാരി |
| 46. പടിഞ്ഞാറെആനിശ്ശേരിൽ ജോർജ് | അഡ്മിനിസ്ട്രേറ്റർ | |
| | നിർമലഗിരി ആർട്സ് ആന്റ് സയൻസ് അക്കാദമി | |
| 47. പാമ്പക്കൽ തോമസ് | വികാരി | പടുപ്പ് |
| 48. പാലക്കീൽ ജോസഫ് | പ്രോ. വികാരി | മാമ്പൊയിൽ |
| 49. പ്ലാവുനില്ക്കുംപറമ്പിൽ കുര്യാക്കോസ് | വൊക്കേഷൻ പ്രമോട്ടർ മൈനർ സെമിനാരി | |
| 50. പട്ടാംകുളം തോമസ് | വികാരി | കൊളക്കാട് |
| 51. പാലിയത്തിൽ മാത്യു OFM | വികാരി | ദീപഗിരി |

| | | |
|---|---|---|
| 52. പ്രവർത്തുംമലയിൽ മാത്യു | വികാരി | കമ്പല്ലൂർ |
| 53. പണ്ടാരപ്പറമ്പിൽ ജോസഫ് | ഉപരിപഠനം | അയർലണ്ട് |
| 54. പതിയോട്ടിൽ ജോസഫ് | വികാരി | ഭീമനടി |
| 55. പൂവത്താനിക്കുന്നേൽ സ്കറിയ | വികാരി | രത്നഗിരി |
| 56. പൂവന്നിക്കുന്നേൽ ജോസ് | സ്റ്റാഫ് | സന്ദേശഭവൻ |
| 57. പവ്വത്തിൽ ജോസഫ് | വികാരി | എടക്കോം |
| 58. പുളിക്കക്കുന്നേൽ ജേക്കബ് | റസിഡന്റ് പ്രീസ്റ്റ് | നിർമലഗിരി |
| 59. പുത്തൻപുരയ്ക്കൽ സേവ്യർ (ജൂനി.) | വികാരി | കണ്ണിവയൽ |
| 60. പുതുമന ജോർജ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 61. പുതുശ്ശേരി അബ്രാം | ഡയറക്ടർ<br>സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവഞ്ചാൽ | |
| 62. റാത്തപ്പള്ളി ഫ്രാൻസിസ് | വികാരി | അങ്ങാടിക്കടവ് |
| 63. തേലക്കാട്ട് സേവ്യർ | വികാരി | ആനപ്പന്തി |
| 64. തെക്കേവയലിൽ ജോർജ് | പ്രോ-വികാരി | പെർള, കുമ്പള,<br>ഉപരിപഠനം |
| 65. തെക്കേൽ ആൻഡ്രൂസ് | വികാരി | ചീമേനി |
| 66. തെക്കേമുറിയിൽ ആന്റണി | വികാരി | രയറോം |
| 67. തൈക്കുന്നുംപുറത്ത് ജോസഫ് | ഫൊറോന വികാരി | മാലോം |
| 68. ഉറുമ്പുകാട്ടിൽ അഗസ്റ്റിൻ | വികാരി | തിരുമേനി |
| 69. വള്ളോപ്പിള്ളി പോൾ | വികാരി | കുടിയാന്മല |
| 70. വാരണത്ത് ജോസഫ് | ഫൊറോന വികാരി | പനത്തടി |
| 71. വരമ്പകത്ത് ലാസർ | വികാരി | അരീക്കമല (അധിക ചുമതല) |
| 72. വരമ്പകത്ത് സ്കറിയ | അസി. ഡയറക്ടർ | ടിഎസ്എസ്എസ് |
| 73. വേങ്ങപ്പറമ്പിൽ ജോൺസൺ | വികാരി | പടിമരുത് |
| 74. വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ | വികാരി<br>അഡ്മിനിസ്ട്രേറ്റർ : സെന്റ് ജൂഡ് കോളേജ് വെള്ളരിക്കുണ്ട് | കാലിച്ചാനടുക്കം |
| 75. വെട്ടിയാനിക്കൽ ആന്റണി | ഉപരിപഠനം | ജർമ്മനി |
| 76. ഐക്കര ജോസഫ് MCBS | അസി. വികാരി | കുടിയാന്മല |
| 77. ഐക്കരപറമ്പിൽ ജോസഫ് | അസി. വികാരി | ചെമ്പന്തൊട്ടി |
| 78. കടക്കുഴയിൽ ജൂഡ് | അസി. വികാരി | പടുപ്പ് |
| 79. കളത്തിൽ തോമസ് | അസി. വികാരി | ചെറുപുഴ |
| 80. കൂട്ടിയാനിക്കൽ അഗസ്റ്റിൻ MSJ | അസി. വികാരി | പാലാവയൽ |
| 81. കൊന്നയിൽ തോമസ് | അസി. വികാരി | തോമാപുരം |
| 82. കൂട്ടുചേരാടി മാത്യു | അസി. വികാരി | മാലോം |
| 83. കുറുമുറ്റത്ത് കുര്യാക്കോസ് CRM | അസി. വികാരി | പുളിങ്ങോം |
| 84. മരക്കശ്ശേരി സെബാസ്റ്റ്യൻ RCJ | അസി. വികാരി | ചന്ദനക്കാംപാറ |
| 85. മറ്റക്കോട്ടിൽ ആന്റണി | അസി. വികാരി | വായാട്ടുപറമ്പ |

| | | |
|---|---|---|
| 86. മുണ്ടൻകുന്നേൽ ജോർജ് | അസി. വികാരി | പനത്തടി |
| 87. പാണാക്കുഴിയിൽ തോമസ് | അസി. വികാരി | വെള്ളരിക്കുണ്ട് |
| 88. പന്തല്ലൂപറമ്പിൽ കുര്യാക്കോസ് | അസി. വികാരി | പേരാവൂർ |
| 89. പൂവനാട്ട് ആന്റണി O. Praem | അസി. വികാരി | കാഞ്ഞങ്ങാട് |
| 90. പുത്തൻപുരയ്ക്കൽ ജോൺ MCBS | അസി. വികാരി | മണിക്കടവ് |
| 91. തെങ്ങുംപള്ളി സെബാസ്റ്റ്യൻ | അസി. വികാരി | നെല്ലിക്കാംപൊയിൽ |
| | അസി. ഡയറക്ടർ | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് |
| 92. വടക്കേട്ട് തോമസ് MSJ | അസി. വികാരി | കുന്നോത്ത് |
| 93. വട്ടംകാട്ടേൽ തോമസ് | അസി. വികാരി | പൈസക്കരി |
| 94. വെട്ടുകാട്ടിൽ ഫ്രാൻസിസ് MCBS | റസിഡന്റ് പ്രീസ്റ്റ് | അങ്ങാടിക്കടവ് |

**2. നന്ദി...**

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയ, പൗരോഹിത്യജീവിതത്തിൽ സമ്പൂർണ്ണ സമർപ്പണം നടത്തിയ മൂന്ന് വൈദിക സഹോദരങ്ങൾ 2023 മെയ് 14 ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. നമ്മുടെ അതിരൂപതയുടെ വളർച്ചയ്ക്ക് ആദ്യനാളുകളിലെ ദുരിതങ്ങളും അസൗകര്യങ്ങളും സന്തോഷത്തോടെ സ്വീകരിച്ച് കഠിനമായി അധ്വാനിച്ചവരാണ് ഇവർ. ബഹു. ജോസഫ് കറുകമാലിൽ അച്ചൻ ചീമേനി ഇടവകയിൽനിന്നും ബഹു. ജോർജ് പുതുമന അച്ചൻ സന്ദേശഭവനിൽനിന്നും ബഹു. ജോർജ് തെക്കുംച്ചേരിൽ അച്ചൻ പേരാവൂർ (Resident Priest) ഇടവകയിൽ നിന്നുമാണ് കരുവഞ്ചാലിലെ ശാന്തിഭവനിലേക്ക് എത്തിയിരിക്കുന്നത്. പ്രിയപ്പെട്ട വൈദികരെ നിങ്ങളുടെ ആത്മാർപ്പണത്തിന് നിത്യപുരോഹിതൻ പ്രതിഫലം നൽകട്ടെ. സന്തോഷകരവും സമാധാനപൂർണ്ണവുമായ വിശ്രമനാളുകൾ ആശംസിക്കുന്നു.

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച് തങ്ങളുടെ സന്യാസ സമൂഹങ്ങളിലേക്കും രൂപതകളിലേക്കും തിരികെ പോയ ബഹു. വൈദികരെ നന്ദിയോടെ അനുസ്മരിക്കുന്നു.

1. ഫാ. പള്ളിച്ചാംകുടി സെബാസ്റ്റ്യൻ TOR – മാമ്പൊയിൽ
2. ഫാ. കുരീക്കാട്ടിൽ പോൾ CMI – എടപ്പുഴ
3. ഫാ. ജോസ് ചെമ്പോട്ടിക്കൽ O Pream – മുള്ളേരിയ, ദേലംപാടി
4. ഫാ. കണിച്ചിക്കുഴിയിൽ വർഗ്ഗീസ് CST – ശാന്തിനഗർ
5. ഫാ. ഉതുപ്പാശ്ശേരിൽ ജോസഫ് – ഭീമനടി അസി. വികാരി
6. ഫാ. നടുവത്തേട്ട് ദേവസ്യ O Pream – അങ്ങാടിക്കടവ് അസി. വികാരി

7. ഫാ. വഴക്കുഴ ജോസഫ് O Carm - വായാട്ടുപറമ്പ് അസി. വികാരി
8. ഫാ. പൊട്ടംപുഴ ജോസ് - ചെറുപുഴ, അസി. വികാരി
9. ഫാ. കണ്ടത്തിൽ വിമൽദേവ് CST - കാഞ്ഞങ്ങാട് അസി. വികാരി
10. ഫാ. പെരിയക്കോട്ടിൽ റോസൺ റോയി - പൈസക്കരി അസി.
11. ഫാ. നെടുമറ്റത്തിൽ തോമസ് OFM Cap - പെരുമ്പടവ് അസി.
12. ഫാ. കള്ളിക്കാട്ട് ആന്റണി CST - പൈസക്കരി അസി. വികാരി
13. ഫാ. മണ്ണൂർ അൻവിൻ CMI - കോഴിച്ചാൽ

**3. സ്വാഗതം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന വിവിധ സന്യാസസഭകളിലും രൂപതകളിലുംപെട്ട ബഹു. വൈദികർക്ക് ഹൃദ്യമായ സ്വാഗതം. തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയുടെ ഭാഗമായി നിന്ന് സന്തോഷകരമായ ശുശ്രൂഷാനാളുകൾ ആശംസിക്കുന്നു.

1. ഫാ. കൂട്ടിയാനിക്കൽ അഗസ്റ്റിൻ MSJ - പാലാവയൽ അസി. വികാരി
2. ഫാ. തോമസ് വടക്കേട്ട് MSJ - കുന്നോത്ത് അസി. വികാരി
3. ഫാ. മാത്യു കോട്ടുചേരാടി - മാലോം അസി. വികാരി
4. ഫാ. ജെസ്റ്റിൻ മേപ്രാത്ത് HGN - ജോസ്ഗിരി
5. ഫാ. പോൾ ചക്കാനിക്കുന്നേൽ CMI - എടപ്പുഴ

**4. അഭിനന്ദനങ്ങൾ**

ബഹു. ഫിലിപ്പ് കവിയിൽ അച്ചനെ AKCC യുടെ ഗ്ലോബൽ കമ്മിറ്റി ഡയറക്ടറായി സീറോമലബാർ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ് ചെയർമാൻ അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിയമിച്ചു. തലശ്ശേരി അതിരൂപതാ AKCC ഡയറക്ടർ എന്ന നിലയിൽ ബഹു. ഫിലിപ്പച്ചൻ സ്തുത്യർഹമായ സേവനമാണ് കാഴ്ച വയ്ക്കുന്നത്. ബഹു. ഫിലിപ്പച്ചന്റെ നിയമനം നമ്മുടെ അതിരൂപതയ്ക്ക് ലഭിച്ച അംഗീകാരം കൂടിയാണ്. പ്രിയപ്പെട്ട ഫിലിപ്പച്ചന് അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും ആശംസകളും.

**5. പുതിയ രജിസ്റ്ററുകളും ഫോമുകളും**

പ്രാരംഭ കൂദാശകൾ, വിവാഹം, മനസമ്മതം എന്നിവയുടെ രജിസ്റ്ററുകളും വിവിധ ഫോമുകളും പുതുക്കിയത് വിതരണത്തിന് തയ്യാറായിട്ടുണ്ട്. 2023 ജൂൺ 15 നുശേഷം പ്രൊക്യുറേറ്ററുടെ ഓഫീസിൽ നിന്നും ഇവ വാങ്ങാവുന്നതാണ്. 2025 ജനുവരി 1 മുതൽ നിർബന്ധമായും പുതിയ രജിസ്റ്ററുകൾ എല്ലാ പള്ളികളിലും ഉപയോഗിച്ചു തുടങ്ങേണ്ടതാണ്.

**6. തലശ്ശേരി അതിരൂപത - ഡിപ്പാർട്ട്മെന്റ് തല ഏകോപനം**

തലശ്ശേരി അതിരൂപതയിൽ നിലവിലുള്ള സംഘടനകളെ ഏകോപിപ്പിക്കുന്നത് കൂടുതൽ സജീവമായ പ്രവർത്തനങ്ങൾക്ക് ഇടയാകും എന്ന വിലയിരുത്തൽ പല കാനോനിക സമിതികളിലും ഉയർന്നുവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ കമ്മിറ്റികളിൽ ചർച്ച ചെയ്തു രൂപപ്പെടുത്തിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ അതിരൂപതയിലെ 32 സംഘടനകളുടെ ഏകോപനം നടത്തുകയാണ്. 2023 ജൂൺ 4-ാം തീയതി മുതൽ പുതിയ ക്രമീകരണം അനുസരിച്ചായിരിക്കും തലശ്ശേരി അതിരൂപതയിലെ സംഘടനകളും ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുക. കൂടുതൽ ഏകോപിതവും ക്രിയായ്മകവുമായ പ്രവർത്തനങ്ങളാണ് പുതിയ ക്രമീകരണത്തിലൂടെ ലക്ഷ്യംവെക്കുന്നത്. നിങ്ങൾ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**I. Children Apostolate**

തിരുബാലസഖ്യം
ചെറുപുഷ്പ മിഷൻ ലീഗ്
അൾത്താര ബാലന്മാർ
എ ഡി എസ് യു

**II. Youth Apostolate**

എസ് എം വൈ എം
കെ സി വൈ എം
ജീസസ് യൂത്ത്
പ്രിസൺ മിനിസ്ട്രി

**III. Family Apostolate**

മാതൃവേദി
മരിയൻ സിംഗിൾസ്
പ്രോ ലൈഫ് മൂവ്മെന്റ്
മാര്യേജ് ബ്യൂറോ
മാര്യേജ് പ്രിപ്പറേഷൻ കോഴ്സ്
കൗൺസലിംഗ് സെന്റർ
ഹോം മിഷൻ

**IV. Lay Apostolate**

കുടുംബ കൂട്ടായ്മ
എ കെ സി സി & DFC
പ്രതീക്ഷ
മുക്തിശ്രീ

മദ്യവിരുദ്ധ സമിതി
വിൻസെന്റ് ഡി പോൾ സൊസൈറ്റി

**V. Social Service Apostolate**

ടി എസ് എസ് എസ്
ഇൻഫാം
ബയോ മൗണ്ടൻ
എയ്ഞ്ചൽ ഡയാലിസിസ്
കേരള ലേബർ മൂവ്മെന്റ്
ദളിത് കമ്മീഷൻ
കെയർ ഹോം
കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

**VI. Catechetical Apostolate**

വിശ്വാസ പരിശീലനം
അൾത്താര ശുശ്രൂഷകർ
എക്യുമിനിസം & ഡയലോഗ്
സ്റ്റുഡൻസ് അക്കമ്പനിയിങ് പ്രോഗ്രാം (SAP)

**VII. Bible Apostolate**

ആൽഫ ഇൻസ്റ്റിറ്റ്യൂട്ട്
കരിസ്മാറ്റിക് മൂവ്മെന്റ്
ധ്യാനകേന്ദ്രങ്ങൾ
മുതിർന്നവരുടെ വിശ്വാസരൂപീകരണം
ഫ്രാൻസിസ്കൻ അൽമായ സഭ (OFS)

**VIII. Media and Legal Apostolate**

മീഡിയ & കമ്മ്യൂണിക്കേഷൻ
പ്രവാസികളുടെ കൂട്ടായ്മ
കലാ-സാംസ്കാരിക വേദി
ആദം മിനിസ്ട്രി
ലീഗൽ സെൽ

**IX. Liturgical Apostolate**

ഗായകസംഘം
പള്ളികൂദാശ കർമ്മങ്ങൾ
തിരുപ്പട്ടസ്വീകരണം
വൈദികരുടെ മൃതസംസ്കാരകർമ്മങ്ങൾ
തിരുക്കർമ്മങ്ങളുടെ ഫോട്ടോഗ്രാഫി

**X. Educational Apostolate**

സ്കൂൾതല വിദ്യാഭ്യാസം
ഉന്നതവിദ്യാഭ്യാസം

പ്രൊഫഷണൽ വിദ്യാഭ്യാസം
സാൻജോസ് അക്കാദമി
സ്പെഷ്യൽ സ്കൂൾ

പുതിയ ക്രമീകരണം അനുസരിച്ച് വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ പ്രവർത്തനരീതി താഴെ സൂചിപ്പിക്കുംവിധമായിരിക്കും.

## 1. Children Apostolate

a) നിലവിലുള്ള സംവിധാനം തുടരുന്നതോടൊപ്പം എ ഡി എസ് യുവിന്റെ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുക.

b) എ ഡി എസ് യുവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോർപ്പറേറ്റ് മാനേജരുമായി സഹകരിച്ച് പ്രവർത്തിക്കണം.

c) എ ഡി എസ് യുവിന് ആവശ്യമായ ഫണ്ട് കോർപ്പറേറ്റ് നൽകണം.

## 2. Youth Apostolate

നിലവിലുള്ള സംവിധാനം തുടരുന്നതോടൊപ്പം പ്രിസൺ മിനിസ്ട്രിയുടെ ശുശ്രൂഷ കൂടി ചെയ്യുന്നു.

## 3. Family Apostolate

നിലവിലുള്ള സംവിധാനം തുടരുന്നു.

## 4. Lay Apostolate

a) ഇടവകപ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകം കുടുംബ കൂട്ടായ്മയാണ്.

b) കുടുംബ കൂട്ടായ്മയിൽ എല്ലാ സംഘടനകൾക്കും ഒരു പ്രതിനിധി ഉണ്ടാകണം. ഉദാ: കെ സി വൈ എം, മാതൃവേദി, എ കെ സി സി, മദ്യവിരുദ്ധ സമിതി, ഇൻഫാം, ബയോ മൗണ്ടൻ.

c) പ്രതീക്ഷയുടെ ഡയറക്ടർ മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സ്വതന്ത്ര ചുമതലയിൽ അത്മായ അപ്പൊസ്റ്റൊലേറ്റ് എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുന്നു.

d) ഡി എഫ് സി പ്രത്യേക വിഭാഗമായി കാണാതെ എ കെ സി സി ഭാരവാഹികൾ പ്രസ്തുത ദൗത്യംകൂടി ചെയ്യുന്നു.

e) വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആത്മീയ ഉപദേഷ്ടാവ് *ലേ അപ്പൊസ്റ്റൊലേറ്റ്* ഡയറക്ടർ ആണ്.

## 5. Social Service Apostolate

a) സോഷ്യൽ സർവീസ് അപ്പൊസ്റ്റൊലേറ്റിന് അതിരൂപതാ ഡയറക്ടർക്കൊപ്പം അസിസ്റ്റന്റ് ഡയറക്ടറും രണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർമാരുമാണ് ഉള്ളത്

b) അസിസ്റ്റന്റ് ഡയറക്ടർ ഇൻഫാമിന്റെയും ഏഞ്ചൽ ഡയാലിസിസിന്റെയും പ്രത്യേക ചുമതല നിർവ്വഹിക്കും.

c) രണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർമാരിൽ ഒരാൾ ബയോമൗണ്ടന്റെ ചുമതലയോടെ കുന്നോത്തും മറ്റെയാൾ കമ്മ്യൂണിറ്റി റേഡിയോയുടെ ചുമതല നിർവ്വഹിച്ച് കാഞ്ഞങ്ങാടും പ്രവർത്തിക്കും.

## 6. Catechetical Apostolate

നിലവിലുള്ള സംവിധാനം തുടരുകയും സ്റ്റുഡന്റ്സ് അക്കമ്പനിയിങ് പ്രോഗ്രാമിന് (SAP) പ്രത്യേക മുൻഗണന നൽകി പ്രവർത്തിക്കാൻ ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെകൂടി നിയമിച്ചിരിക്കുന്നു.

## 7. Bible Apostolate

നിലവിലെ സ്ഥിതി തുടരുകയും ഒരു അസിസ്റ്റന്റ് ഡയറക്ടറെ നിയമിക്കുകയും ചെയ്തു.

## 8. Media and Legal Apostolate

a) മീഡിയാ അപ്പൊസ്റ്റൊലേറ്റിന്റെ കീഴിൽ സ്വതന്ത്ര ചുമതലയുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ പടന്നക്കാട് പാസ്റ്ററൽ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കും.

b) നിയമ വിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച് പ്രോട്ടോ സിഞ്ചെല്ലൂസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

## 9. Liturgical Apostolate

ലിറ്റർജിക്കൽ അപ്പൊസ്റ്റൊലേറ്റ് കോർഡിനേറ്റ് ചെയ്തു നടപ്പിലാക്കാൻ ഒരു വൈദികനെ നിയമിക്കുന്നു.

## 10. Educational Apostolate

നിലവിലെ സംവിധാനങ്ങൾ തുടരുന്നു.

**ഏകോപന നേട്ടങ്ങൾ**

1. ഒന്നുമുതൽ അഞ്ചു വരെയുള്ള അപ്പൊസ്റ്റൊലേറ്റുകൾക്ക് മാത്രമേ ഫൊറോനതല ഡയറക്ടർ ആവശ്യമുള്ളൂ.
2. ഫൊറോനാ വികാരിമാർ കാറ്റക്കെറ്റിക്കൽ, ബൈബിൾ അപ്പൊസ്റ്റൊലേറ്റുകളുടെ ഉത്തരവാദിത്വങ്ങൾ ഫൊറോനാതലത്തിൽ നിർവ്വഹിക്കണം.
3. 32 സംഘടനകളെ 10 എണ്ണമായി ഏകോപിപ്പിക്കാൻ സാധിക്കുന്നു.
4. നിലവിലുള്ള സംഘടനകൾ ഇല്ലാതാകാതെ എല്ലാ സംഘടനകളെയും കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നു.
5. സംഘടനകൾ ഒറ്റയ്ക്ക് പ്രവർത്തിക്കാതെ ഒന്നിച്ച് പ്രവർത്തിക്കാൻ വേദി ഒരുങ്ങുന്നു.

**പ്രത്യേക ശ്രദ്ധക്ക്**

അതിരൂപത, ഫൊറോന, ഇടവകാതലങ്ങളിൽ വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ നെയിം ബോർഡുകൾ താഴെപ്പറയുന്നവിധം ക്രമീകരിക്കേണ്ടതാണ്.

a) അതിരൂപത, ഫൊറോനാ, തലങ്ങളിൽ നെയിം ബോർഡിന് 4 അടി നീളവും 2 അടി വീതിയും ഉണ്ടാവണം.
b) ഇടവകകളിൽ 3 അടി നീളവും 1.5 അടി വീതിയും ഉണ്ടാവണം.
c) നെയിം ബോർഡുകൾ സ്റ്റിക്കർ ആയോ, ടിൻ ഷീറ്റിലോ അനുയോജ്യമായ മറ്റു ക്രമീകരണങ്ങളായോ പ്രദർശിപ്പിക്കാവുന്നതാണ്.

**വിവിധ അപ്പൊസ്തൊലേറ്റുകളുടെ അതിരൂപതാ, ഫൊറോനതല ഡയറക്ടമാരായി അഭിവന്ദ്യ പിതാവ് താഴെ പറയുന്നവരെ നിയമിച്ചു.**

## 1. Children Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ജോസഫ് വടക്കേപറമ്പിൽ

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. തോമസ് മേനപ്പാട്ടുപടിക്കൽ
2. ചെമ്പന്തൊട്ടി : ഫാ. ജോസഫ് ഓരത്തേൽ
3. ചെമ്പേരി : ഫാ. അബ്രാഹം കൊച്ചുപുരയ്ക്കൽ
4. ചെറുപുഴ : ഫാ. മാത്യു കല്ലുങ്കൽ
5. എടൂർ : ഫാ. അഗസ്റ്റിൻ അറയ്ക്കൽ
6. കാഞ്ഞങ്ങാട് : ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര
7. കാസർഗോഡ് : ഫാ. ജോർജ് തെക്കേവയലിൽ
8. കുന്നോത്ത് : ഫാ. മാത്യു നഴിക്കുഴി
9. മാലോം : ഫാ. ജോസഫ് കളപ്പുരയ്ക്കൽ
10. മേരിഗിരി : ഫാ. ജോസഫ് കാനക്കാട്ട്
11. മണിക്കടവ് : ഫാ. ജോസഫ് മഞ്ഞളാംകുന്നേൽ
12. നെല്ലിക്കാപൊയിൽ : ഫാ. ജോസഫ് ആനക്കല്ലിൽ
13. പൈസക്കരി : ഫാ. ഡെന്നീസ് നെല്ലിത്താനം
14. പനത്തടി : ഫാ. മൈക്കിൾ മഞ്ഞക്കുന്നേൽ
15. പേരാവൂർ : ഫാ. പോൾ കണ്ടത്തിൽ
16. തളിപ്പറമ്പ് : ഫാ. ജോസഫ് കുളത്തറ
17. തോമാപുരം : ഫാ. തോമസ് കീഴാരത്തിൽ
18. വായാട്ടുപറമ്പ് : ഫാ. ഫിലിപ്പ് മുട്ടുമണ്ണിൽ
19. വെള്ളരിക്കുണ്ട് : ഫാ. ജോസഫ് ചെറുശ്ശേരി

## 2. Youth Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. തോമസ് വാളിപ്ലാക്കൽ

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. ജോർജ് പുഞ്ചത്തറപ്പേൽ
2. ചെമ്പന്തൊട്ടി : ഫാ. ജോർജ് ചാലിൽ CST
3. ചെമ്പേരി : ഫാ. ജോസഫ് ആനചാരിൽ

4. ചെറുപുഴ : ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ
5. എടൂർ : ഫാ. ജോസഫ് മടപ്പാംതോട്ടുകുന്നേൽ
6. കാഞ്ഞങ്ങാട് : ഫാ. സെബാസ്റ്റ്യൻ വെമ്മേനിക്കട്ടയിൽ
7. കാസർഗോഡ് : ഫാ. മാത്യു കുടിലിൽ
8. കുന്നോത്ത് : ഫാ. തോമസ് പന്തലാനിക്കൽ
9. മാലോം : ഫാ. ജോസഫ് കാഞ്ഞിരത്തിങ്കൽ
10. മേരിഗിരി : ഫാ. മാത്യു മങ്ങാട്ട് OFM Cap.
11. മണിക്കടവ് : ഫാ. ജോസഫ് കുരിശുമൂട്ടിൽ
12. നെല്ലിക്കാംപൊയിൽ : ഫാ. ജോസഫ് കോയിപ്പുറം (എഡ്വിൻ)
13. പൈസക്കരി : ഫാ. ജോസഫ് ചെരിയംകുന്നേൽ
14. പനത്തടി : ഫാ. ജോസഫ് കൊട്ടാരത്തിൽ
15. പേരാവൂർ : ഫാ. സെബാസ്റ്റ്യൻ എടയാടിയിൽ
16. തളിപ്പറമ്പ് : ഫാ. ലൂക്കോസ് മറ്റപ്പള്ളിൽ
17. തോമാപുരം : ഫാ. ജോൺസൺ പടഞ്ഞാറെയിൽ
18. വായാട്ടുപറമ്പ് : ഫാ. ജോൺ മണ്ണൂർ
19. വെള്ളരിക്കുണ്ട് : ഫാ. മാത്യു മുക്കുഴി (അഖിൽ)

## 3. Family Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ജോർജ് കോവാട്ട്

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. ജോസ് കളരിക്കൽ
2. ചെമ്പന്തൊട്ടി : ഫാ. ജോസഫ് മഞ്ചപ്പള്ളിൽ
3. ചെമ്പേരി : ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്
4. ചെറുപുഴ : ഫാ. ജോസഫ് കോയിപ്പുറം (എഡ്വിൻ)
5. എടൂർ : ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത്
6. കാഞ്ഞങ്ങാട് : ഫാ. തോമസ് പയ്യംമ്പിള്ളി
7. കാസർഗോഡ് : ഫാ. ജോസഫ് കൊളുത്താപ്പള്ളിൽ
8. കുന്നോത്ത് : ഫാ. കുര്യാക്കോസ് കോലക്കുന്നേൽ
9. മാലോം : ഫാ. ആന്റണി നല്ലുകുന്നേൽ
10. മേരിഗിരി : ഫാ. ജോസഫ് നിരപ്പേൽ
11. മണിക്കടവ് : ഫാ. ജോർജ് ചാലിൽ
12. നെല്ലിക്കാംപൊയിൽ : ഫാ. ഏലിയാസ് എടൂക്കുന്നേൽ
13. പൈസക്കരി : ഫാ. ജോസഫ് ചാത്തനാട്ട്
14. പനത്തടി : ഫാ. വർഗ്ഗീസ് ചെരിയംപുറത്ത്
15. പേരാവൂർ : ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം
16. തളിപ്പറമ്പ് : ഫാ. ജോസഫ് കുളത്തറ

17. തോമാപുരം : ഫാ. ഐസക് മറ്റത്തിൽ
18. വായാട്ടുപറമ്പ് : ഫാ. ജോൺ ചെമ്പനാനിക്കൽ
19. വെള്ളരിക്കുണ്ട് : ഫാ. ജോൺസൺ പുലിയുറുമ്പിൽ

## 4. Lay Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ഫിലിപ്പ് കവിയിൽ

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. ജോർജ് തൈക്കുന്നുംപുറത്ത്
2. ചെമ്പന്തൊട്ടി : ഫാ. തോമസ് ചെരുവിൽ
3. ചെമ്പേരി : ഫാ. പോൾ വള്ളോപ്പിള്ളി
4. ചെറുപുഴ : ഫാ. തോമസ് പൂവൻപുഴ
5. എടൂർ : ഫാ. മാത്യു ചാക്യാരത്ത്
6. കാഞ്ഞങ്ങാട് : ഫാ. ലൂയി മരിയദാസ് മേനാച്ചേരിൽ
7. കാസർഗോഡ് : ഫാ. ചാക്കോ കുടിപ്പറമ്പിൽ
8. കുന്നോത്ത് : ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ
9. മാലോം : ഫാ. തോമസ് വെള്ളൂർപുത്തൻപുരയിൽ
10. മേരിഗിരി : ഫാ. ആന്റണി തെക്കേമുറിയിൽ
11. മണിക്കടവ് : ഫാ. ജോർജ് ഇലവുങ്കുന്നേൽ (റോബി)
12. നെല്ലിക്കാംപൊയിൽ : ഫാ. ആന്റണി ആനക്കല്ലിൽ
13. പൈസക്കരി : ഫാ. ജോൺ വാഴക്കാട്ട്
14. പനത്തടി : ഫാ. ആന്റണി ചാണാക്കാട്ടിൽ
15. പേരാവൂർ : ഫാ. മാത്യു പട്ടാംകുളം
16. തളിപ്പറമ്പ് : ഫാ. മാത്യു വളവനാൽ
17. തോമാപുരം : ഫാ. ജോമി തൊട്ടിയിൽ
18. വായാട്ടുപറമ്പ് : ഫാ. മാത്യു കുന്നേൽ
19. വെള്ളരിക്കുണ്ട് : ഫാ. മാത്യു കോണിക്കൽ

## 5. Social Service Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. സ്കറിയ നിരപ്പേൽ

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. തോമസ് ചക്കിട്ടമുറിയിൽ
2. ചെമ്പന്തൊട്ടി : ഫാ. പോൾ ഇടത്തിനകം
3. ചെമ്പേരി : ഫാ. മാത്യു ഓലിക്കൽ
4. ചെറുപുഴ : ഫാ. വെട്ടിയാനിക്കൽ വർഗീസ്
5. എടൂർ : ഫാ. ആന്റണി പുന്നൂർ
6. കാഞ്ഞങ്ങാട് : ഫാ. മാത്യു പൊട്ടംപ്ലാക്കൽ

7. കാസർഗോഡ് : ഫാ. ജോസഫ് റാത്തപ്പള്ളിൽ
8. കുന്നോത്ത് : ഫാ. ഫ്രാൻസീസ് റാത്തപ്പള്ളിൽ
9. മാലോം : ഫാ. ജോർജ് വെള്ളരിങ്ങാട്ട്
10. മേരിഗിരി : ഫാ. തോമസ് തടത്തിപുത്തൻവീട്ടിൽ
11. മണിക്കടവ് : ഫാ. ജോസഫ് കുരിശുംമൂട്ടിൽ
12. നെല്ലിക്കാംപൊയിൽ : ഫാ. ജോസഫ് മുണ്ടപ്ലാക്കൽ
13. പൈസക്കരി : ഫാ. വർഗീസ് കളപ്പുരയിൽ
14. പനത്തടി : ഫാ. ജോർജ് പഴേപറമ്പിൽ
15. പേരാവൂർ : ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം
16. തളിപ്പറമ്പ് : ഫാ. മാത്യു ആലംങ്കോട്ട്
17. തോമാപുരം : ഫാ. മാത്യു പ്രവർത്തുംമലയിൽ
18. വായാട്ടുപറമ്പ് : ഫാ. ജോർജ് കാരിക്കാതടത്തിൽ
19. വെള്ളരിക്കുണ്ട് : ഫാ. സ്കറിയ ചിരണയ്ക്കൽ

## 6. Catechetical Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ജേക്കബ് വെണ്ണായപ്പള്ളിൽ

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. മാണി ആട്ടേൽ
2. ചെമ്പന്തൊട്ടി : ഫാ. ആന്റണി മഞ്ഞളാംകുന്നേൽ
3. ചെമ്പേരി : ഫാ. ജോർജ് കാഞ്ഞിരക്കാട്ട്
4. ചെറുപുഴ : ഫാ. ജോസ് വെട്ടിക്കൽ
5. എടൂർ : ഫാ. തോമസ് വടക്കേമുറിയിൽ
6. കാഞ്ഞങ്ങാട് : ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ
7. കാസർഗോഡ് : ഫാ. ജോർജ് വള്ളിമല
8. കുന്നോത്ത് : ഫാ. അഗസ്റ്റിൻ പാണ്ടിയാമ്മാക്കൽ
9. മാലോം : ഫാ. ജോസഫ് തൈക്കുന്നുംപുറത്ത്
10. മേരിഗിരി : ഫാ. അബ്രാഹം മടത്തിമ്യാലിൽ
11. മണിക്കടവ് : ഫാ. പയസ് പടിഞ്ഞാറെമുറിയിൽ
12. നെല്ലിക്കാംപൊയിൽ : ഫാ. ജോസഫ് കാവനാടി
13. പൈസക്കരി : ഫാ. നോബിൾ ഓണംകുളം
14. പനത്തടി : ഫാ. ജോസഫ് വാരണത്ത്
15. പേരാവൂർ : ഫാ. തോമസ് കൊച്ചുകരോട്ട്
16. തളിപ്പറമ്പ് : ഫാ. മാത്യു വേങ്ങക്കുന്നേൽ
17. തോമാപുരം : ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ
18. വായാട്ടുപറമ്പ് : ഫാ. തോമസ് തെങ്ങുംപള്ളിൽ
19. വെള്ളരിക്കുണ്ട് : ഫാ. ജോൺസൺ അന്ത്യാംകുളം

## 7. Bible Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. തോമസ് ഓലിക്കരോട്ട്

**ഫൊറോന ഡയറക്ടർമാർ**

1. ആലക്കോട് : ഫാ. മാണി ആട്ടേൽ
2. ചെമ്പന്തൊട്ടി : ഫാ. ആന്റണി മഞ്ഞളാംകുന്നേൽ
3. ചെമ്പേരി : ഫാ. ജോർജ് കാഞ്ഞിരക്കാട്ട്
4. ചെറുപുഴ : ഫാ. ജോസ് വെട്ടിക്കൽ
5. എടൂർ : ഫാ. തോമസ് വടക്കേമുറിയിൽ
6. കാഞ്ഞങ്ങാട് : ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ
7. കാസർഗോഡ് : ഫാ. ജോർജ് വള്ളിമല
8. കുന്നോത്ത് : ഫാ. അഗസ്റ്റിൻ പാണ്ടിയാമ്മാക്കൽ
9. മാലോം : ഫാ. ജോസഫ് തൈക്കുന്നുംപുറത്ത്
10. മേരിഗിരി : ഫാ. അബ്രാഹം മടത്തിമ്യാലിൽ
11. മണിക്കടവ് : ഫാ. പയസ് പടിഞ്ഞാറെമുറിയിൽ
12. നെല്ലിക്കാംപൊയിൽ : ഫാ. ജോസഫ് കാവനാടി
13. പൈസക്കരി : ഫാ. നോബിൾ ഓണംകുളം
14. പനത്തടി : ഫാ. ജോസഫ് വാരണത്ത്
15. പേരാവൂർ : ഫാ. തോമസ് കൊച്ചുകരോട്ട്
16. തളിപ്പറമ്പ് : ഫാ. മാത്യു വേങ്ങക്കുന്നേൽ
17. തോമാപുരം : ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ
18. വായാട്ടുപറമ്പ് : ഫാ. തോമസ് തെങ്ങുംപള്ളിൽ
19. വെള്ളരിക്കുണ്ട് : ഫാ. ജോൺസൺ അന്ത്യാംകുളം

## 8. Media and Legal Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ജോൺ കൂവപ്പാറയിൽ

## 9. Liturgical Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. ജോസഫ് വയലുങ്കൽ

## 10. Educational Apostolate

അതിരൂപതാ ഡയറക്ടർ : റവ. ഫാ. മാത്യു ശാസ്താംപടവിൽ

ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം നാളുകളായി വിവിധ മീറ്റിംഗുകളുടെ പ്രധാന ചർച്ചാ വിഷയമായിരുന്നു. വ്യത്യസ്തമായ അഭിപ്രായങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് പുതിയ ക്രമീകരണം നടപ്പിലാക്കുന്നത്. നമ്മുടെ അതിരൂപതയിലെ മുഴുവൻ അജപാലന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നത് വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെയാണ്. പുതിയ ക്രമീകരണം കൂടുതൽ ഊർജിതപ്രവർത്തനങ്ങൾക്ക് കാരണമാകും. ഏകമനസ്സോടെയുള്ള സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളെ ആത്മാർപ്പണത്തോടെ നയിച്ച് സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ബഹു. വൈദികരെ നന്ദിയോടെ ഓർമ്മിക്കുന്നു. കുടുംബകുട്ടായ്മയുടെ അതിരൂപതാ ഡയറക്ടറായിരുന്നു ബഹു. മാത്യു ആശാരിപ്പറമ്പിൽ അച്ചനെയും മദ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെ അതിരൂപതാ ഡയറക്ടറായിരുന്ന ബഹു. ചാക്കോ കുടിപ്പറമ്പിലച്ചനെയും ഫാമിലി അപ്പൊസ്റ്റൊലേറ്റ്, വിൻസെന്റ് ഡി പോൾ സംഘടനയുടെയും ഡയറക്ടറായിരുന്ന ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയച്ചനെയും ഇൻഫാമിന്റെ അതിരൂപതാ ഡയറക്ടറായിരുന്ന ബഹു. തോമസ് ചെരുവിലച്ചനെയും നന്ദിയോടെ ഓർമ്മിക്കുന്നു. നിങ്ങളുടെ ആത്മാർപ്പണത്തിന് ദൈവം പ്രതിഫലം നൽകട്ടെ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
വികാരി ജനറാൾ

**8. ജൂണിയർ വൈദികരുടെ കോഴ്സ്**

കഴിഞ്ഞമാസത്ത ഗിരിദീപത്തിൽ അറിയിച്ചിരുന്ന ജൂണിയർ വൈദികരുടെ കോഴ്സ് റദ്ദുചെയ്തിരുന്നു. 2023 ജൂൺ 12 മുതൽ സീറോ മലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സിനഡ് നടക്കുന്നതിനാലാണ് കോഴ്സ് റദ്ദു ചെയ്യേണ്ടിവന്നത്.

**9. പത്രോസിന്റെ കാശ്**

എല്ലാവർഷവും ജൂൺ മാസത്തിൽ വി. പത്രോസ് വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് സമാഹരിച്ചിരുന്നത്. ഈ സംഭാവനയിലൂടെ സാർവ്വത്രിക സഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസികളും പങ്കുകാരാകുകയാണ്. ജൂൺ 29-ാം തീയതിയാണ് വി. പത്രോസ് വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ. ജൂൺ 25 ഞായറാഴ്ച സ്തോത്രക്കാഴ്ച ഈ ഉദ്ദേശത്തിനായി സമാഹരിക്കുമല്ലോ.

**10. സീറോ മലബാർ സഭാദിനം - ജൂലൈ 3**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3 സീറോ മലബാർ സഭാദിനമായി നാം ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ മലബാർ മേജർ ആർക്കി എപ്പസ് കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേക്ക് നല്കുന്നതിനുവേണ്ടി സമാഹരിക്കുമല്ലോ.

**11. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ് (2023 ജൂലൈ 4–6, 10–12)**

ഈ വർഷത്തെ റിഫ്രഷർ കോഴ്സ് പതിവുപോലെ രണ്ട് ബാച്ചുകളിലായാണ് നടക്കുന്നത്. തലശ്ശേരി സന്ദേശഭവനിൽ വച്ചായിരിക്കും കോഴ്സ് നടക്കുക. ഓരോ ബാച്ചിലും പങ്കെടുക്കേണ്ട വരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും. ആദ്യാവസാനം വരെ പങ്കെടുക്കുവാൻ പറ്റുംവിധം ഇടവകയിലെ ശുശ്രൂഷകൾ ക്രമീകരിക്കുമല്ലോ. രണ്ട് ബാച്ചുകളിലായി നടക്കുന്ന കോഴ്സിൽ Batch preference ആവശ്യമുള്ളവർ അറിയിച്ചാൽ അതനുസരിച്ച് ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കും.

**12. ദൈവാലയശുശ്രൂഷികളുടെയും അക്കൗണ്ടന്റിന്റെയും വേതനം**

2023 ജനുവരി മുതൽ പള്ളികളുടെ ഗ്രേഡിൽ വന്ന മാറ്റങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ. ഗ്രേഡ് മാറിയതനുസരിച്ച് ദൈവാലയ ശുശ്രൂഷികളുടേയും അക്കൗണ്ടന്റിന്റെയും വേതനത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്.

**പള്ളികളുടെ ഗ്രേഡ് അനുസിരച്ചുള്ള വേതനം**

| ഗ്രേഡ് | അടിസ്ഥാനവേതനം ദൈവാലയ ശുശ്രൂഷി | അടിസ്ഥാനവേതനം അക്കൗണ്ടന്റ് |
|---|---|---|
| A+, A | 7250 | 4000 |
| B | 6000 | 3200 |
| C | 4950 | 2500 |
| D | 3750 | 2100 |
| E | 2200 | 1750 |

പള്ളിയുടെ ഗ്രേഡ് മാറുമ്പോൾ ദൈവാലയശുശ്രൂഷികളുടേയും അക്കൗണ്ടന്റിന്റെയും അടിസ്ഥാനവേതനം മാറുന്നു എന്നുള്ളതാണ് കാതലായ മാറ്റം. പുതിയ ഗ്രേഡ് അനുസരിച്ച് അൾത്താരശുശ്രൂഷികളുടേയും അക്കൗണ്ടന്റിന്റെയും വേതനം കണക്കാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

a) ഓരോ ഗ്രേഡിന്റെയും അടിസ്ഥാനശമ്പളം ദൈവാലയശുശ്രൂഷിക്കും അക്കൗണ്ടന്റിനും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തണം.

b) A+, A, B, C ഗ്രേഡുകളിലേക്ക് ഉയർത്തപ്പെട്ട പള്ളിയാണെങ്കിൽ പുതുക്കിയ ഗ്രേഡിലെ അടിസ്ഥാന വേതനത്തോടൊപ്പം ദൈവാലയശുശ്രൂഷിക്ക് 250/- രൂപയും D ഗ്രേഡിലേയ്ക്ക് ഉയർത്തപ്പെട്ട

പള്ളിയാണെങ്കിൽ 100/- രൂപയും അധികമായി പ്രതിമാസ വേതനമായി 2023 ഏപ്രിൽ മാസം മുതൽ നല്കണം.

c) A+, A ഗ്രേഡിലേയ്ക്ക് ഉയർത്തപ്പെട്ട പള്ളിയാണെങ്കിൽ അക്കൗണ്ടന്റിന് 200/- രൂപയും B, C ഗ്രേഡിലേയ്ക്ക് ഉയർത്തപ്പെട്ട പള്ളിയാണെങ്കിൽ 150/- രൂപയും D ഗ്രേഡിലേക്ക് ഉയർത്തപ്പെട്ട പള്ളിയാണെങ്കിൽ 100/- രൂപയും നിലവിൽ കൊടുക്കുന്ന വേതനത്തോടൊപ്പം അധികമായി 2023 ഏപ്രിൽ മാസം മുതൽ നല്കണം.

d) 2023 ഏപ്രിൽ മുതൽ ദൈവാലയ ശുശ്രൂഷികളുടെ ഇൻക്രിമെന്റ് 150/- രൂപയായും അക്കൗണ്ടന്റിന്റെ ഇൻക്രിമെന്റ് 100/- രൂപയായും നിലവിലുള്ള വേതനത്തോട് ചേർത്തു നല്കണം. ഗ്രേഡ് മാറിയ പള്ളികളിലെ ദൈവാലയശുശ്രൂഷിക്കും അക്കൗണ്ടന്റിനും തങ്ങൾക്ക് ലഭിക്കുന്ന വേതന വർദ്ധനവിനോട് ഈ വർഷത്തെ ഇൻക്രിമെന്റും കൂടി ചേർക്കേണ്ടതാണ്.

e) 2022 ഏപ്രിൽ മാസത്തിൽ ഓരോ ഗ്രേഡിലും വർദ്ധിപ്പിച്ച വേതന വർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഗ്രേഡിലേയ്ക്ക് ഉയർത്തിയ പള്ളികളുടെ ദൈവാലയ ശുശ്രൂഷികളുടേയും അക്കൗണ്ടന്റിന്റെയും വേതനവർദ്ധനവിന്റെ തുക നിശ്ചയിച്ചത്.

**13. ആദരാഞ്ജലികൾ**

**1. റവ. സി. മേരി ആനി FCC (81):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. മേരി ആനി 2023 ഏപ്രിൽ 29ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കക്കിഞ്ച, കുന്താപുരം, ചെമ്പേരി, ഉജ്റെ, ജഡ്ക്കൽ, കോടഞ്ചേരി, ചെമ്പന്തൊട്ടി, കുടിയാന്മല, കല്ലോടി, കുന്നോത്ത്, തലശ്ശേരി, മേലെചൊവ്വ, വിവിധ ഇടവകളിൽ സ്തുത്യർഹമായ സേവനമാണ് ബഹു. സിസ്റ്റർ കാഴ്ചവച്ചത്. മൃതസംസ്കാരശുശ്രൂഷകൾ 2023 മെയ് 1 ന് കുന്നോത്ത് നോവിഷ്യേറ്റ് ഹൗസിലെ സിമിത്തേരിയിൽ നടന്നു. നമ്മിൽ നിന്നു വേർപിരിഞ്ഞ ബഹു. മേരി ആനി സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. സ്റ്റെല്ലാ മരിയ കൊല്ലക്കൊമ്പിൽ (80) :** ബഹു. ജോർജ് കൊല്ലക്കൊമ്പിൽ അച്ചന്റെ സഹോദരിയും വി. കുർബാനയുടെ ആരാധന സന്യാസീനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്



അഡോറേഷൻ പ്രൊവിൻസ് അംഗവുമായ സി. സ്റ്റെല്ലാ മരിയ കൊല്ലക്കൊമ്പിൽ 2023 മെയ് 9-ാം തീയതി നിര്യാതയായി. Superior, Finance Officer, Juniors Directress, Orphanage Director, 1st Councillor, Mess Manager എന്നീ നിലകളിൽ കടുത്തുരുത്തി, കാഞ്ഞിരമറ്റം, മരുതോംകര, മണിക്കടവ്, കോഴിച്ചാൽ, തോമാപുരം, കണിച്ചാർ, ജോസ്ഗിരി ഹോസ്പിറ്റൽ, ദേവഗിരി, നെല്ലിപ്പാറ, പനത്തടി, കിളിയന്തറ, പാലാപ്പറമ്പ, എടാട്ട്, മണക്കടവ്, വിമലഗിരി, ചേറ്റംകുന്ന്, ആനപ്പന്തി എന്നീ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്കാരം 2023 മെയ് 10ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. നമ്മിൽ നിന്നും വേർപിരിഞ്ഞ ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീ. മാത്യു അമ്മിയാനിക്കൽ :** ബഹു. സെബാസ്റ്റ്യൻ അമ്മിയാനിക്കൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. മാത്യു അമ്മിയാനിക്കൽ 2023 മെയ് 17ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 മെയ് 18ന് മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. അമ്മിയാനിക്കൽ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

## 10. സ്നേഹസ്മൃതി

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007
3. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ - 03-06-2021
4. റവ. ഫാ. മാത്യു തെക്കേക്കുളം - 04-06-2021
5. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
6. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
7. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
8. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
9. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
10. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
11. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005

12. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
13. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
14. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
15. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
16. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
17. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
18. റവ. ഫാ. അബ്രാഹം ആനശ്ശേരിൽ - 24-06-2019
19. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. - 25-06-1970
20. റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
21. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
22. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
23. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. മതബോധന ഞായർ - മെയ് 28

2023-24 അധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മെയ് 28 ഞായറാഴ്ച ആരംഭിച്ചു. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തു തന്നെ ചെയ്ത് സഹകരിക്കണം. എല്ലാ വിശ്വാസപരിശീലകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം.

4. പഠനത്തിനായി ഇടവകക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്കാ 2:52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2023-2024 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം കിളിയന്തറ സെന്റ് മേരീസ് ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിച്ചു. കിളിയന്തറയിലെ വികാരിയച്ചനും കൊച്ചച്ചനും വിശ്വാസപരിശീലകർക്കും നന്ദി.

## 3. നന്ദി ... ആശംസകൾ ...

മാലോം, പനത്തടി എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വെരി. റവ. ഫാ. ജോസഫ് വാരണത്ത്, വെരി. റവ. ഫാ. തോമസ് പട്ടാംകുളം എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. മേൽപ്പറഞ്ഞ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന വെരി. റവ. ഫാ. ജോസഫ് തൈക്കുന്നുംപുറം, വെരി. റവ. ഫാ. ജോസഫ് വാരണത്ത് എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## 4. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 10 (ശനി)

2023-2024 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 10 ശനിയാഴ്ച്ച രാവിലെ 9.30-ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. അന്നേദിവസം വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും, അവാർഡ്, സ്കോളർഷിപ്പ്, വിവിധ ആദരവിനർഹമായവർ എന്നിവർ നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

**5. ആമുഖസെമിനാർ ജൂലൈ 6-9**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 6 മുതൽ 9 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 6-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 9-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400 രൂപയായിരിക്കും.

## 6. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ബൈബിൾ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 7. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**8. പ്രവേശനോത്സവം**

2023-2024 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 28 ഞായറാഴ്ചയോ ജൂൺ 4 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

## 9. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**10. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും മെയ് 30 മുതൽ ജൂൺ 2 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. മെയ് 28 ഞായറാഴ്ച തന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും

എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്ത കങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

NB: നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിന് സഹായിക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

### 11. പാഠപുസ്തകങ്ങളുടെ വില

| | |
|---|---|
| ക്ലാസ്സ് I - III | : 40 രൂപ |
| ക്ലാസ്സ് IV - XII | : 45 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 50 രൂപ |
| ഉപപാഠപുസ്തകങ്ങൾ | : 30 രൂപ |
| ജീവന്റെ അപ്പം | : 60 രൂപ |

### 12. ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് – നന്ദി

മെയ് 19 വെള്ളിയാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

### 13. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2023–2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

### 14. പ്രതിഭാസംഗമം – അഭിനന്ദനങ്ങൾ

സീറോ മലബാർ സഭാതലത്തിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി നടത്തിയ പ്രതിഭാസംഗമത്തിൽ ആഞ്ചലോ അലക്സ് വലിയമനയ്ക്കൽ, പൊൻമല; ടോം ഗ്രെയ്സൺ ഉള്ളാഹയിൽ, ചെട്ടിയാംപറമ്പ്; എയ്ഞ്ചൽ ഫിലിപ്പ് ചെറുകരക്കുന്നേൽ, മേരിഗിരി; അനുഗ്രഹ മരിയ പൂവത്താനിക്കൽ, തോമാപുരം എന്നിവർ പങ്കെടുത്തു. സംസ്ഥാനതല പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട ആഞ്ചലോ അലക്സ് വലിയമനയ്ക്കൽ, പൊൻമല; എയ്ഞ്ചൽ ഫിലിപ്പ് ചെറുകരക്കുന്നേൽ, മേരിഗിരി എന്നിവർക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

## 15. ടീച്ചേഴ്സ് ട്രെയിനിംഗ്

സീറോമലബാർ സഭാതലത്തിൽ വിശ്വാസപരിശീലകർക്കുവേണ്ടി ജൂൺ 23 മുതൽ 30 വരെ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിക്കുന്നു.

## 16. 2022-2023 അധ്യയനവർഷത്തെ IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ

## A. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2022 - 2023 | | |
|---|---|---|
| 1. എഡ്വിൻ കാഞ്ഞിരത്തിങ്കൽ | ചരൾ | ഒന്നാം റാങ്ക് |
| 2. എലിസബത്ത് ഉതിനാംപറമ്പിൽ | കനകപ്പള്ളി | രണ്ടാം റാങ്ക് |
| 3. ജിനിൽ തോമസ് ഉണ്ണിയേപ്പള്ളിൽ | കാര്യപ്പള്ളി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ഇമ്മാനുവൽ മൈലാടൂർ | ആലക്കോട് | ആലക്കോട് |
| 2. ദിയ മരിയ വടകര | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| 3. എയ്ഞ്ചൽ മരിയ മമ്പള്ളിൽ | ചെമ്പേരി | ചെമ്പേരി |
| 4. ഡെനീശ്വർ ഷിബി ജോസ് കുമ്മിണിയിൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| 5. ആഗ്നൽ എൽസ കുളത്തിങ്കൽ | കരിക്കോട്ടക്കരി | എടൂർ |
| 6. ജുവാൻ ബിജു നാൽക്കോലയിൽ | പടന്നക്കാട് | കാഞ്ഞങ്ങാട് |
| 7. ദിയ ആൻ മുറിഞ്ഞകല്ലേൽ | കാസർഗോഡ് | കാസർഗോഡ് |
| 8. എഡ്വിൻ കാഞ്ഞിരത്തിങ്കൽ | ചരൾ | കുന്നോത്ത് |
| 9. തെരേസ എടാട്ട് | മാലോം | മാലോം |
| 10. എയ്ൻസ്‌ലി സോണി മാണികുളം | മണിപ്പാറ | മണിക്കടവ് |
| 11. ജിനിൽ തോമസ് ഉണ്ണിയേപ്പള്ളിൽ | കാര്യപ്പള്ളി | മേരിഗിരി |
| 12. സാവിയോ വർഗ്ഗീസ് ആന്റോ കാവുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 13. ജുവൽ റോസ് രഞ്ജിത്ത് ചിറമാട്ടേൽ | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 14. ട്രീസ സാബു വാട്ടപ്പിള്ളി | പാണത്തൂർ | പനത്തടി |
| 15. ഇഷാൻ ജസ്റ്റിൻ കാര്യാങ്കൽ | കോളയാട് | പേരാവൂർ |
| 16. റയാൻ റോഷൻ മാങ്കോട്ടിൽ | കണ്ണൂർ | തളിപ്പറമ്പ് |
| 17. ബിയ തെരേസ തയ്യിൽ | കുന്നുംകൈ | തോമാപുരം |
| 18. ടോം പെരിയപുറത്ത് | തടിക്കടവ് | വായാട്ടുപറമ്പ് |
| 19. എലിസബത്ത് ഉതിനാംപറമ്പിൽ | കനകപ്പള്ളി | വെള്ളരിക്കുണ്ട് |

## B. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2022 - 2023 | | |
|---|---|---|
| 1. എയ്ഞ്ചൽ ഫിലിപ്പ് ചെറുകരക്കുന്നേൽ | മേരിഗിരി | ഒന്നാം റാങ്ക് |
| 2. അനുഗ്രഹ മരിയ പൂവത്താനിക്കൽ | തോമാപുരം | രണ്ടാം റാങ്ക് |
| 3. എൽസ ചുക്കനാനിൽ | ചെമ്പന്തൊട്ടി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ബെനിറ്റ് സുബിൻ മലമാക്കൽ | കുട്ടാപറമ്പ് | ആലക്കോട് |
| 2. എൽസ ചുക്കനാനിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. ആഞ്ചലോ അല്ക്സ് വലിയമനയ്ക്കൽ | പൊൻമല | ചെമ്പേരി |
| 4. എയ്ഞ്ചൽ ഷിനോജ് പുളിയമ്മാക്കൽ | പുളിങ്ങോം | ചെറുപുഴ |
| 5. റോസ് മരിയ പൂവത്തിങ്കൽ | കരിക്കോട്ടക്കരി | എടൂർ |
| 6. നിയ തോമസ് മഠത്തിനാത്ത് | പടന്നക്കാട് | കാഞ്ഞങ്ങാട് |
| 7. അന്ന ചെമ്പരത്തിക്കൽ | ബദിയടുക്ക | കാസർഗോഡ് |
| 8. മാർഗരറ്റ് ചാലിൽ | പാലത്തുംകടവ് | കുന്നോത്ത് |
| 9. എയ്ഞ്ചൽ റാണി ആൽബർട്ട് മങ്ങാട്ട് | ചുള്ളി | മാലോം |
| 10. ക്രിസ്റ്റീന തെക്കേമുറിയിൽ | മാട്ടറ | മണിക്കടവ് |
| 11. എയ്ഞ്ചൽ ഫിലിപ്പ് ചെറുകരക്കുന്നേൽ | മേരിഗിരി | മേരിഗിരി |
| 12. ആഗ്നസ് എണ്ണമ്പ്രായിൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| 13. അയന ബ്രിജിറ്റ് കോവാട്ട് | പൈസക്കരി | പൈസക്കരി |
| 14. എയ്ഞ്ചൽ സാലു പുളിക്കൽ | പനത്തടി | പനത്തടി |
| 15. ടോം ഗ്രെയ്സൺ ഉള്ളാഹയിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| 16. ഏലിക്കുട്ടി അരിക്കാട്ടുംകര | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 17. അനുഗ്രഹ മരിയ പൂവത്താനിക്കൽ | തോമാപുരം | തോമാപുരം |
| 18. ആൻ മരിയ റെജു എടാട്ട് | വിജയപുരം | വായാട്ടുപറമ്പ് |
| 19. ഡോണ എലിസബത്ത് കുമ്പളന്താനം | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

## C. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2022 - 2023 | | |
|---|---|---|
| 1. റിക്റ്റ മരിയ പൈങ്ങോട്ട് | ഉദയഗിരി | ഒന്നാം റാങ്ക് |
| 2. എലിസബത്ത് കണിയറാകത്ത് | മാലോം | രണ്ടാം റാങ്ക് |
| 3. സ്നേഹ ആൻ മാത്യു നിരപ്പേൽ | രയറോം | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. റിക്റ്റ മരിയ പൈങ്ങോട്ട് | ഉദയഗിരി | ആലക്കോട് |
| 2. ജിയന്ന വർഗ്ഗീസ് പരുത്തിപ്പള്ളിക്കുന്നേൽ | ചേപ്പറമ്പ് | ചെമ്പന്തൊട്ടി |
| 3. തോമസ് കുര്യൻ തടിക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| 4. മരിയ അഗസ്റ്റിൻ വട്ടപ്പാലം | രാജഗിരി | ചെറുപുഴ |
| 5. തെരേസ കാവുങ്കൽ | ചെടിക്കുളം | എടൂർ |
| 6. അനില ലൗജി ആയല്ലൂർ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. ദിയ റോസ് പുല്ലൻകുന്നേൽ | ബദിയടുക്ക | കാസർഗോഡ് |
| 8. ആനീസ് മരിയ ഇടമുറിയിൽ | കുന്നോത്ത് | കുന്നോത്ത് |
| 9. എലിസബത്ത് കണിയറാകത്ത് | മാലോം | മാലോം |
| 10. ജെസ്വിറ്റ് റോസ് റിഷിൽ ആലുങ്കൽ | മണിക്കടവ് | മണിക്കടവ് |

| | | |
|---|---|---|
| 11. സ്നേഹ ആൻ മാത്യു നിരപ്പേൽ | രയറോം | മേരിഗിരി |
| 12. സിയാന സുനിൽ കളരിക്കൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| 13. ആൽബിൻ തോമസ് പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| 14. റോസ് അറയ്ക്കൽ | പടിമരുത് | പനത്തടി |
| 15. ആഞ്ജല മരിയ തെങ്ങുംപള്ളി | പെരുമ്പുന്ന | പേരാവൂർ |
| 16. ജോർജ് ജൂഡിറ്റ് പെരുമാട്ടിക്കുന്നേൽ | പരിയാരം | തളിപ്പറമ്പ് |
| 17. റോസ് മരിയ കാരക്കാട്ട് | കണ്ണിവയൽ | തോമാപുരം |
| 18. റോസ് ടോം കണിവേലിൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| 19. ജോസഫ് കുഴികണ്ടത്തിൽ | വിമലഗിരി-പരപ്പ | വെള്ളരിക്കുണ്ട് |

## 17. ദൈവശാസ്ത്ര കോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. ദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 18. ഓർമ്മിക്കേണ്ട തീയതികൾ

2023-2024 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 10, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 10, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 01-04, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 06, **മതാധ്യാപക ദിനം:** നവംബർ 05.

2023-2024 അധ്യയനവർഷം ദൈവാനുഗ്രപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

ALPHA INSTITUTE

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ:**

2023 –24 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alpha thalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 9745363277, 8086312826.

**2. 2023 – 24 അദ്ധ്യയനവർഷ ഉദ്ഘാടനം**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2023–24 അദ്ധ്യയനവർഷം ജൂലൈ 3–ാം തീയതി ഉദ്ഘാടനം ചെയ്യുകയും തുടർന്ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

**3. ജൂലൈ മാസത്തിലെ ക്ലാസ്സുകൾ**

**BTh**

01. ദൈവശാസ്ത്ര പ്രവേശിക - *ജൂലൈ 8 (മലയാളം)*
02. ദൈവശാസ്ത്ര പ്രവേശിക - *ജൂലൈ 9 (ഇംഗ്ലീഷ്)*
03. വി. ലൂക്കായുടെ സുവിശേഷം - *ജൂലൈ 22 (മലയാളം)*
04. വി. ലൂക്കായുടെ സുവിശേഷം - *ജൂലൈ 30 (ഇംഗ്ലീഷ്)*

**MTh**

01. ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം - *ജൂലൈ 12 (മലയാളം)*
02. ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം - *ജൂലൈ 20 (ഇംഗ്ലീഷ്)*
03. പഴയനിയമ ദൈവശാസ്ത്രം - *ജൂലൈ 26 (ഇംഗ്ലീഷ്)*

**4. തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം**

തിയോളജി കോഴ്സിന്റെ വരുന്ന സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജൂൺ മാസത്തിൽ അതാതു സ്റ്റഡിസെന്ററുകളിലും മതാദ്ധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചു നൽകുന്നതാണ്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും പുസ്തകങ്ങൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**5. സെമസ്റ്റർ പരീക്ഷകൾ - ല്യൂമെൻ എക്ലേസിയാ പരീക്ഷകൾ**

തലശ്ശേരി അതിരൂപതയിലെ വിശ്വാസ പരിശീലകർക്കായി നടത്തുന്ന ദൈവശാസ്ത്ര പഠന പ്രോഗ്രാമായ ല്യൂമെൻ എക്ലേസിയാ ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 19 മുതൽ സർവ്വേ ഹാർട്ട് എന്ന ആപ്ലിക്കേഷൻ വഴി ആരംഭിച്ചു. തന്നിരിക്കുന്ന തീയതികളിൽ രാത്രി 8.30 മണിക്കാണ് പരീക്ഷ ആരംഭിക്കുന്നത്. 30 മിനിട്ട് ആയിരിക്കും പരീക്ഷാ സമയം. പരീക്ഷാ സമയത്തിനു ശേഷം ഉത്തരങ്ങൾ ചെയ്യാൻ സാധിക്കുന്നതല്ല.

**കാനൻനിയമം - ജൂൺ 2**
**വി. മർക്കോസിന്റെ സുവിശേഷം - ജൂൺ 9**

**6. തീസിസ് സമർപ്പണം**

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ജൂൺ 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 50 മുതൽ 70 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

**7. ലോഗോസ് പഠന സഹായി**

ലോഗോസ് ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് പുറത്തിറക്കുന്നുണ്ട്. ആവശ്യമുള്ളവർക്ക് മുൻകൂട്ടി ഓർഡർ ചെയ്യാവുന്നതാണ്.

**8. ലോഗോസ് ബൈബിൾ ക്വിസ് - 2023**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 23-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും പ്രഖ്യാപിച്ചു.

| പഠനഭാഗങ്ങൾ | |
|---|---|
| **ജോഷ്വ 13-24** | **പ്രഭാഷകൻ 27-33** |
| **വി. ലൂക്കാ 1-8** | **2 കൊറി 1-6** |

| പരീക്ഷാതീയതികൾ |
|---|
| രൂപതാതലം : 2023 സെപ്റ്റം. 24, 2.00 pm -3.30 pm |
| സംസ്ഥാനതലം : 2023 നവംബർ 5 |
| മെഗാ ഫൈനൽ : 2023 നവംബർ 18-19 |
| രജിസ്ട്രേഷൻ : **2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |

**രജിസ്ട്രേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്. ലോഗോസ് ബൈബിൾ ക്വിസിൽ നമ്മുടെ അതിരൂപത മികച്ച പങ്കാളിത്തം പതിവായി നടത്താറുണ്ട്. ഈ

വർഷവും ആ പതിവ് ആവർത്തിക്കണം. എല്ലാ ഇടവകകളിലും പരമാവധി ആളുകളെ പരീക്ഷയ്ക്കായി ഒരുക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യാൻ ബഹു.വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ജൂൺ 1 മുതൽ ജൂലായ് 31 വരെ രജിസ്ട്രേഷന് സമയപരിധിയുണ്ട്. ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇടവകാതലത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ഒരുമിച്ച് രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുക. ഓരോ ഇടവകയ്ക്കുമുള്ള username, password എന്നിവ ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇവ രണ്ടും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഓഫീസുമായി ബന്ധപ്പെടേണ്ട നമ്പർ: 8086312826, ഓഫീസ് സമയം - തിങ്കൾ-ശനി 9.30-5.00

## 9. അഖില കേരള ബൈബിൾ കലോത്സവം

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**1). രചന മത്സരങ്ങൾ**

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. **പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.**
3. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.
4. രചനകൾ അയയ്ക്കുന്ന കവറിൽ അഖിലകേരള ബൈബിൾ കലോത്സവം 2023 എന്ന് എഴുതിയിരിക്കണം.
5. **മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കോപ്പി കരുതേണ്ടതാണ്.**
6. രചനകൾ 50 രൂപ രജിസ്ട്രേഷൻ ഫീസിനൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ 2023 നവംബർ 16 നു മുൻപ് ലഭിക്കത്തക്കവിധത്തിൽ

അയയ്ക്കേണ്ടതാണ്. **ഈ തീയതിക്ക് ശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**

7. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.

8. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

   ഗ്രൂപ്പ് നമ്പർ 1 : അല്മായർ
   വിഷയം : **സിനഡാലിറ്റിയും സഭാനവീകരണവും**

   ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ
   വിഷയം : **സിനഡാത്മകതയും സഭാജീവിതവും**

   ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ
   വിഷയം : **സിനഡാത്മകത ബൈബിളിൽ**

10. അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സരസമയത്ത് ബൈബിളിൽ നിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈ മാസം ഒത്തിരിയേറെ ആകാംക്ഷയോടും പ്രതീക്ഷയോടും കുടെ പുതിയ ഒരുവർഷത്തെ എതിരേൽക്കാൻ നാം ഒരുങ്ങിയിരിക്കുകയാണ്. മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ച് പുതിയ ഒരു പ്രവർത്തനവർഷം ജൂൺ ഒന്നു മുതൽ ആരംഭിക്കുകയാണല്ലോ. **“ വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്”** എന്ന ആപ്തവാക്യത്തിന്റെ ചുവടുപിടിച്ച് സ്നേഹത്തിന്റെ പ്രേഷിതരാകാൻ, ത്യാഗത്തോടെ കാവലാകാൻ, സേവന വഴിയേ കരുത്തരാകാൻ, സഹനം ചേർത്തുവെച്ച് കരുതലാകാൻ ഈ പ്രവർത്തനവർഷത്തിൽ നമുക്ക് കഴിയട്ടെ. ഇതോടൊപ്പം കഴിഞ്ഞ പ്രവർത്തനവർഷത്തിൽ കഠിനാധ്വാനംചെയ്ത് ത്യാഗപൂർവ്വം പ്രാർത്ഥിച്ച് സംഘടനയുടെ യശസ് ഉയർത്തിയ എല്ലാ ഡയറക്ടേഴ്സിനെയും, വൈസ് ഡയറക്ടേഴ്സിനെയും, ഭാരവാഹികളെയും ഞാൻ അഭിനന്ദിക്കുന്നു... നന്ദി പറയുന്നു. ഈ പുതുവർഷത്തിൽ പുത്തൻ ഉണർവോടെ പ്രവർത്തിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. പത്രോസ്, വി. പൗലോസ്
പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി
സുകൃതംജപം : ഈശോയുടെ തിരുഹൃദയമേ അവിടുത്തെ തിരു രക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.
വചനാമൃതം : വി. ലൂക്കാ 1–ാം അദ്ധ്യായം (സംഘടനയെ കുടുതൽ അറിയുന്നു)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 03 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും |
| 04 ഞായർ | : | ശാഖാ - മേഖലാ തല പ്രവർത്തന വർഷ ഉദ്ഘാടനം, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ |
| 05 തിങ്കൾ | : | ലോക പരിസ്ഥിതിദിനാചരണം |
| 08 വ്യാഴം | : | വി. കുർബാനയുടെ തിരുനാൾ, വി. മറിയംത്രേസ്യായുടെ തിരുനാൾ |
| 13 ചൊവ്വ | : | പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ |
| 16 വെള്ളി | : | ഈശോയുടെ തിരുഹൃദയതിരുനാൾ |
| 17 ശനി | : | മാതാവിന്റെ വിമലഹൃദയതിരുനാൾ |
| 23 വെള്ളി | : | മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം |
| 29 വ്യാഴം | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, പ്രവർത്തനവർഷ ഉദ്ഘാടനം, പ്രവർത്തന മാർഗ്ഗരേഖ, ബഡ്ജറ്റ് അവതരിപ്പിക്കുക. ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുക.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2022-23 പ്രവർത്തനവർഷത്തെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

2022-23 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അതോടൊപ്പം മേഖലാ എക്സിക്യൂട്ടീവ് ശാഖകളുടെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നൽകിയ ശാഖകളുടെ പേരുകൾ കൂടി ജൂൺ 10 ന് അതിരൂപതയിൽ നൽകേണ്ടതാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര്

ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ശ്രീ ജെയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് അർഹമായ അപേക്ഷകൾ ജൂൺ 10 ന് തന്നെ എത്തിക്കണം എന്നകാര്യം കൂടി ഓർമ്മപ്പെടുത്തുന്നു.

### 5. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2023 – 2024 വർഷത്തേക്കുള്ള ശാഖാ ജൂനിയർ – സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. തിരഞ്ഞെടുപ്പ് നടത്തിയവർ ലിസ്റ്റ് പ്രവർത്തനവർഷ ഉദ്ഘാടനത്തിന് വരുമ്പോൾ (ജൂൺ 3 ന്) അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോമിൽ കൃത്യമായി എഴുതി കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 6. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പ മിഷൻലീഗ് 2023 – 2024 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 3 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം മിഷൻലീഗ് – തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. അന്നേദിവസം വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്കും, ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് വിജയികൾക്കും, സ്കോളർഷിപ്പിന് അർഹരായവർക്കും സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

### 7. ശാഖാതല പ്രവർത്തനവർഷ ഉത്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 4 ഞായറാഴ്ച തോമാപുരം ശാഖയിൽ വച്ച് നടക്കും. അന്നേദിവസം പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

### 8. സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച

സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### 9. ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 25 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഒരു അപേക്ഷയാണ് അതിരൂപതയിൽ നൽകേണ്ടത് എന്ന് ഓർമ്മിപ്പിക്കുന്നു.

### 10. അംഗത്വസ്വീകരണം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

### 11. ഹൃദയം നിറഞ്ഞനന്ദി

വ്യത്യസ്തങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയും കൊണ്ട് വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ വൈസ് ഡയറക്ടർ എന്നീ നിലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യനിഷ്ഠയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും, സേവന സന്നദ്ധതയോടുംകൂടി പൂർത്തിയാക്കി പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിപ്പോകുന്ന ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, ഫാ. ജോർജ് ചാലിൽ, ഫാ. ജോസഫ് കാഞ്ഞിരത്തിങ്കൽ, സി. എൽസീന എൻ എസ്, സി. റിൻസി എം. എസ്, എം ഐ, സി. നവ്യ എസ്.എ. ബി. എസ്, സി. സിൻസി സി എം സി, സി. ലയോണതേരേസ് സി എം സി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും...

### 12. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ എയ്ഞ്ചൽസ് മീറ്റ് 03.05.2023 ന് ചെമ്പേരി മേഖലയിലും, 04.05.2023 ന് തോമാപുരം മേഖലയിലും, 06.05.2023 ന് ആലക്കോട് മേഖലയിലും, 17.05.2023 ന് എടൂർ, ചെമ്പന്തൊട്ടി മേഖലകളിലും, 20.05.2023 ന് വായാട്ടുപറമ്പ്, 22.05.2023 ന് മേരിഗിരി മേഖലയിലും, 23.05.2023 ന് മാലോം, ചെറുപുഴ മേഖലകളിലും, 24.05.2023 ന് വെള്ളരിക്കുണ്ട്, നെല്ലിക്കാംപൊയിൽ മേഖലകളിലും നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കൻമാർ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും

സി.എം. എൽ ബാഡ്ജ്, മാനുവൽ ബുക്ക്, പ്രാർത്ഥനാപുസ്തകം എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചൻമാർക്കും, മേഖലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സ്, മേഖലാ - ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### 13. മേഖലാ ഇലക്ഷൻ

25.04.2023 ന് തളിപ്പറമ്പ് മേഖലയിലും, 30.04.2023 ന് വെള്ളരിക്കുണ്ട് മേഖലയിലും, 7.05.2023 ന് മണിക്കടവ് മേഖലയിലും, 14.05.2023 ന് ആലക്കോട് മേഖലയിലും, 2023-2025 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

### 14. മേഖലാ കൗൺസിൽ വാർഷികം

03.05.2023 ന് വായാട്ടുപറമ്പ് മേഖല കൗൺസിൽ വാർഷികവും, 07.05.23 ന് പൈസക്കരി മേഖല കൗൺസിൽ വാർഷികവും നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ,അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ സ്രായിൽ എന്നിവർ പങ്കെടുത്തു.

### 15. എം റ്റി സി തീർത്ഥയാത്ര

അതിരൂപതാ എം റ്റി സി ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 36 കുട്ടികളും 18 അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മെയ് 8 മുതൽ 11 വരെ തക്കല മിഷൻ ഗ്രാമത്തിലേക്ക് തീർത്ഥയാത്ര നടത്തി. തക്കലാ മിഷൻഗ്രാമത്തിലുള്ള ഭവന സന്ദർശനം കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായിരുന്നു. കുട്ടികൾ ഓരോ ഭവനവും സന്ദർശിക്കുകയും ഭവനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വി. ദൈവസഹായം പിള്ളയുടെ കബറിടം സന്ദർശിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ചു. തീർത്ഥയാത്രയ്ക്കായി കുഞ്ഞുമിഷനറിമാരെ പറഞ്ഞയച്ച പ്രിയപ്പെട്ട മാതാപിതാക്കളെ നന്ദിയോടെ ഓർക്കുന്നു.

### 16. സംസ്ഥാന മാനേജിംഗ്കമ്മറ്റി

22.04.2023 ന് ഓൺലൈനായി നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും, 13.05.2023 ന് ഭരണങ്ങാനത്ത് വച്ച് നടന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

### 17. മലബാർ റീജിയണൽസംഗമം

25.04.2023 ന് മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മലബാർ റീജിയണൽ സംഗമത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുക്കുകയും അതിരൂപതയുടെ 2022-2023 പ്രവർത്തന വർഷത്തെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**18. മിഷൻ - വിഷൻ**

21.04.2023 ന് തൃശ്ശൂരിൽ വച്ച് നടന്ന മിഷൻ എക്സിബിഷനിൽ അതിരൂപതയിൽ നിന്നും 35 കുട്ടികൾ പങ്കെടുത്തു. വിവിധ രാജ്യങ്ങളിലെ മിഷൻപ്രവർത്തനങ്ങളെ കണ്ടു മനസിലാക്കുവാനും, പഠിക്കുവാനും, പ്രേഷിത തീഷ്ണത വളർത്തുവാനും കുട്ടികൾക്ക് സാധിച്ചു.

**19. ക്രിസ്റ്റീൻ ധ്യാനം**

മെയ് 13 മുതൽ 16 രെ പരിയാരം മദർഹോമിൽ വച്ച് അതിരൂപതയുടെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. 300 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ധ്യാന ദിവസങ്ങളിൽ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്ത ബഹു. വിപിൻ അച്ചനും ടീം അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**20. ദി ലീഡർ**

മെയ് 17 മുതൽ 19 വരെ പടന്നക്കാട് പാസ്റ്ററൽസെന്ററിൽ വച്ച് ദി ലീഡർ എന്ന പേരിൽ നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, ബ്ര. ആൽബിൻ തെങ്ങുംപള്ളിൽ, ശ്രീ ഷോണിറ്റ്, ഫാ. സുബിൻ റാത്തപ്പള്ളി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. കുട്ടികളെ ക്യാമ്പിന് പറഞ്ഞയച്ച ഡയറക്ടർ അച്ചൻമാർക്കും, വൈസ്ഡയറക്ടേഴ്സിനും, മാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**21. അതിരൂപതാ മാനേജിംഗ്കമ്മറ്റി**

2022–2023 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും 2023–2024 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും മെയ് 20–ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് ഫൊറോന ദേവാലയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മിറ്റി ചേർന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ ഷിജോ സ്രായിലിന്റെ അധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റി മീറ്റിംഗ് തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ സെക്രട്ടറി ശ്രീ ബിജു കൊച്ചുപൂവക്കോട്ട് 2023–2024 വർഷത്തെ കരട് ബഡ്ജറ്റ് അവതരിപ്പിച്ചു. അതിനുശേഷം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ 2022 - 2023 വർഷത്തെ പ്രവർത്തനങ്ങളെവിലയിരുത്തുകയും ചെയ്തു. അതോടൊപ്പം 2023 - 2024 വർഷത്തെ കരട് മാർഗ്ഗരേഖ അവതരിപ്പിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്തു.

**22. സെമിനാറുകൾ, ക്ലാസ്സുകൾ**

◆ 03.05.2023 ന് ചെമ്പേരി മേഖലയിലെ കുട്ടികൾക്ക് ശ്രീ. ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം വീണ്ടും പുതിയൊരു പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെ സമർപ്പിക്കാം. സുകൃതജപങ്ങളും, തിരുവചനങ്ങളും, പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീയോയുടെ അനുഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. പത്രോസ്, വി. പൗലോസ്
പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി
സുകൃതംജപം : ഈശോയുടെ തിരുഹൃദയമേ എന്നെ കഴുകി വിശുദ്ധീകരിക്കണമേ.
വചനം: എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും (ഫിലി: 4-13)
പ്രവൃത്തി : തിരുബാലസഖ്യം സംഘടനയെക്കുറിച്ച് അധ്യാപകരോടും, മാതാപിതാക്കളോടും ചോദിച്ചറിയുക.
എയ്ഞ്ചൽസ് ബീറ്റ്സ് : ചിത്രരചനാ മത്സരം - വിഷയം : ഈശോയുടെ തിരുഹൃദയം (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

03 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും
04 ഞായർ: ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം, പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
05 തിങ്കൾ : ലോക പരിസ്ഥിതിദിനാചരണം
08 വ്യാഴം : വി. കുർബാനയുടെ തിരുനാൾ, വി. മറിയംത്രേസ്യായുടെ തിരുനാൾ

13 ചൊവ്വ : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ
16 വെള്ളി: ഈശോയുടെ തിരുഹൃദയതിരുനാൾ
17 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ
23 വെള്ളി : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം
29 വ്യാഴം : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിലോ, സൺഡേസ്ക്കൂൾ ഓഫീസിലോ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഒന്നിച്ച് നൽകിയാൽ മതിയാകും ഓരോ ക്ലാസ്സും തിരിച്ച് എണ്ണം നൽകേണ്ടതില്ല. പുസ്തകത്തിന്റെ വില 35/- രൂപ ആയിരിക്കും.

**3. തിരുബാലസഖ്യം മാർഗ്ഗരേഖ**

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2023-2024 പ്രവർത്തന വർഷമാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. ഓരോ മാസവും ചെയ്യേണ്ട കാര്യങ്ങൾ, മത്സരങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവയെല്ലാം വർക്കുബുക്കിനോടൊപ്പമുള്ള മാർഗ്ഗരേഖയിൽ ആണ് കൊടുത്തിരിക്കുന്നത്. അതിനാൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകരും, തിരുബാലസഖ്യം ആനിമേറ്റേഴ്സും വർക്കുബുക്ക് വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.

**4. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും**

തിരുബാലസഖ്യം 2023 - 2024 പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമെറ്റേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ്മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 3 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷി ക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂൺ മാസത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഈശോ യുടെ തിരിഹൃദയത്തിന് പ്രേത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസ ത്തിൽ നമ്മെ തന്നെ ഈശോയുടെ തിരിഹൃദയത്തിന് പ്രതിഷ്ഠിച്ച് നമുക്ക് പ്രാർത്ഥിക്കാം. പുതിയ അദ്ധ്യായന വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

### വി. തോമസ് മൂർ ദിനാചരണം

കെസിവൈഎമ്മം-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ജൂൺ 22 ന് ആഘോഷിക്കുമ്പോൾ അന്നേദിവസം എല്ലാ യൂണിറ്റിലും യുവജന ദിനമായി ആചരിക്കുമല്ലോ. ജൂൺ 25 ന് ഞായറാഴ്ച വി. കുർബാനക്കുശേഷം കെസിവൈഎം പതാക ഉയർത്തുകയും ആന്തം ആലപിക്കുകയും ചെയ്യുമല്ലോ. യുവജന മീറ്റിങ്ങ് കൂടി ദിനാചരണം നടത്തുമല്ലേ. വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം.

### പരിസ്ഥിതി ദിനം

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുക ളിലും ഫൊറോന തലങ്ങളിലും പരിസ്ഥിതി അവബോധം ജനിക്കാ നുതകുന്ന പ്രവർത്തനങ്ങളും, ക്ലാസ്സുകളും, സെമിനാറുകളും നടത്തി അനുയോജ്യമായ വിധത്തിൽ ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### തെരുവുനാടകം

ജൂൺ, ജൂലൈ മാസത്തിലെ ഞായറാഴ്ചകളിൽ തെരുവു നാടകം നടത്തപ്പെടുന്നതാണ്. ഫൊറോനകളിലെ മൂന്ന് ഇടവകകൾ കേന്ദ്രീകരിച്ചാണ് തെരുവുനാടകം നടത്തുക.

## ക്രിക്കറ്റ് ടൂർണമെന്റ് മാലോം ഫൊറോന ചാമ്പ്യന്മാർ

ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച ക്രിക്കറ്റ് ടൂർണമെന്റിന്റെ സീസൺ 2 തോമാപുരം ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലാവയലിൽ വച്ച് നടത്തപ്പെട്ടു. മാലോം ഫൊറോന കെസിവൈഎം ചാമ്പ്യന്മാരായി. ചെമ്പേരി ഫൊറോന, തോമാപുരം ഫൊറോന യഥാക്രമം രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ. നേതൃത്വം കെടുത്ത തോമാപുരം പ്രസിഡന്റ് എമിൽ സാറിനും, ഡയറക്ടർ ഫാ. ജോൺസൺ പടിഞ്ഞാറയിലിനും, എല്ലാ യുവജന നേതാക്കൾക്കും സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

## നേഴ്സസ് ഡേ

തലശ്ശേരി അതിരൂപത കെസിവൈഎം ന്റെ നേഴ്സസ് ഡേ ദിനാഘോഷം കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെട്ടു. നടുവിൽ പി എച്ച് സി അസി. ഡയറക്ടർ ശ്രി. ലിന്റു ഉദ്ഘാടനം ചെയ്തു. കരുവഞ്ചാൽ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. അനീഷ് മണവത്ത്, ഫാ. ജോസഫ് ഈനാച്ചേരിൽ അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ, അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫൊറോന പ്രിസഡന്റ് ജറാൾഡ് ജേക്കബ്, ഫൊറോന ഡയറക്ടർ ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, രൂപത, ഫൊറോന ഭാരവാഹികൾ, യുവജന നേതാക്കൾ എന്നിവർ പങ്കെടുത്തു.

## You Cat - പഠന പരമ്പര

യുവജന മതബോധന ഗ്രന്ഥത്തിന്റെ പഠനപരമ്പരയിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിനോടൊപ്പം നെല്ലിക്കാംപൊയിൽ, എടൂർ, പനത്തടി ഫൊറോനയിലെ യുവജനങ്ങൾ പങ്കെടുത്തു. ശാലോം ടെലിവിഷനുമായി സഹകരിച്ചാണ് കെസിവൈഎം ഈ പഠനപരമ്പര നടത്തുന്നത്.

## ഇന്റർനാഷണൽ മിഷൻ കോൺഫ്രൻസ്

തൃശ്ശൂർ വച്ച് നടന്ന ഇന്റർനാഷണൽ മിഷൻ കോൺഫ്രൻസിൽ കെസിവൈഎം അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറയുടെ നേതൃത്വത്തിൽ അൻപതോളം യുവജനങ്ങൾ പങ്കെടുത്തു. അന്തർദേശീയ തലത്തിൽ ശ്രദ്ധ നേടിയ മിഷൻ കോൺഫ്രൻസിന്റെ സംവാദ സദസ്സിൽ യുവജനങ്ങൾ തങ്ങളുടെ സാന്നിധ്യമറിയിച്ചു.

## പ്രതിഷേധം രേഖപ്പെടുത്തി

തലശ്ശേരി അതിരൂപത മീഡിയ അപ്പസ്തോലേറ്റ് ഡയറക്ടറും നിരൂപകനുമായ ഡോ. ടോം ഓലിക്കരോട്ടിനെതിരെ വന്ന വ്യാജാരോപണങ്ങളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി കെസിവൈഎം തലശ്ശേരി അതിരൂപത.

## ഹൃദയപൂർവ്വം നന്ദി...

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് ഊർജ്ജവും ആത്മീയ ഉണർവ്വും നല്കി ഫൊറോന ഡയറക്ടേഴ്സായി സേവനമനുഷ്ഠിച്ച് പുതിയ സ്ഥലങ്ങളിലേക്ക് യാത്രയായ ഫൊറോന ഡയറക്ടർമാരായ ഫാ. ജേക്കബ് നെടുങ്ങാട്ട് (പേരാവൂർ) ഫാ. ബിബിൻ ഇലഞ്ഞിപറമ്പിൽ (എടൂർ) ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ (വായാട്ടുപറമ്പ്) ഫാ. മാത്യു പ്രവർത്തുംമലയിൽ (മേരിഗിരി) ഫാ. പീറ്റർ കൊച്ചുവീട്ടിൽ (മാലോം) ഫാ. ജോമിഷ് നൂറംമാക്കൽ (കാസറഗോഡ്) പ്രിയപ്പെട്ടവരായ നിങ്ങൾക്ക് അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ സ്ഥലത്ത് എല്ലാവിധ ഭാവുകങ്ങളും നന്മകളും നേരുന്നു.

## ആദരാഞ്ജലികൾ

അകാലത്തിൽ പൊലിഞ്ഞുപോയ യുവസുഹൃത്തുക്കൾക്ക് സ്നേഹാദരം. മാനന്തവാടിയിൽ അപകടത്തിൽ മരിച്ച കെസിവൈഎം കുന്നോത്ത് ഫൊറോന കൗൺസിലറും, പാലത്തിൻകടവ് യൂണിറ്റ് പ്രസിഡന്റുമായിരുന്ന അഡോൺ ബെസ്റ്റി, വെള്ളരിക്കുണ്ട് ഇടവകാംഗമായ സ്നേഹ ജോസഫ്, അങ്ങാടിക്കടവ് ഇടവകാംഗമായ ജിസ്ന മേരി ജോസഫ് എന്നിവർക്ക് ആദരാഞ്ജലികൾ.

കടുമേനി കെസിവൈഎം യൂണിറ്റ് പ്രസിഡന്റായിരുന്ന റോബിൻ റ്റി ചാക്കോയ്ക്കും, അപകടത്തിൽ മരണമടഞ്ഞ പടുപ്പ് ഇടവകയിലെ ഹണിക്കും ആദരാഞ്ജലികൾ.

## അന്താരാഷ്ട്ര തൊഴിലാളി ദിനം

**ചെമ്പന്തൊട്ടി** ഫൊറോനയുടെ നേതൃത്വത്തിൽ വയറിംഗ് തൊഴിലാളികളെയും, ഇലക്ട്രീഷ്യൻ തൊഴിലാളികളെയും ആദരിക്കുകയും മധുര പലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അവർ സമൂഹത്തിന് നൽകുന്ന സേവനങ്ങൾക്ക് നന്ദി പറഞ്ഞ് അവരോടൊപ്പം സമയം ചെലവഴിച്ചു.

**മണിക്കടവ്** ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുവന്ധിച്ച് ഓട്ടോ ഡ്രൈവേഴ്സിനെ ആദരിക്കുകയും കേക്ക് മുറിച്ച് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുവന്ധിച്ച് **വെള്ളരിക്കുണ്ട്** ഫൊറോനയുടെ നേതൃത്വത്തിൽ പെട്രോൾ പമ്പ് ജീവനക്കാരെ ആദരിച്ച് മധുരം നൽകി ആശംസകൾ കൈമാറി.

**പേരാവൂർ** ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര തൊഴിലാളി ദിനത്തോടനുവന്ധിച്ച് തൊഴിലുറപ്പ് തൊഴിലാളികളെ ആദരിച്ചു

**പനത്തടി** ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ പടുപ്പ്, പടിമരുത്, കൊട്ടോടി എന്നീ ഇടവകകളിൽ ടീ ടൈം എന്ന പേരിൽ യുവജന സംഗമവും **Merge** എന്ന പേരിൽ പതാക കൈമാറ്റവും സംഘടിപ്പിച്ചു.

**കരുതലിന്റെ പാതയിൽ**

പേരാവൂർ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കോളയാട് ദൈവദാൻ വൃദ്ധസദനത്തിലേയ്ക്കും, പെരുമ്പുന്ന മൈത്രി ഭവൻ വൃദ്ധസദനത്തിലേയ്ക്കും ആവശ്യമായ ചിരട്ടയും, വിറകും, ചകിരിയും എത്തിച്ചു നൽകി.

**Tea Time - യുവജന സംഗമം**

ചെമ്പന്തൊട്ടി ഫൊറോനയിലെ ടീ ടൈം നടുവിൽ, ചെമ്പന്തൊട്ടി, മണ്ടളം എന്നീ യൂണിറ്റുകളിൽ വച്ച് സംഘടിപ്പിച്ചു. നിരവധി യുവജനങ്ങൾ സംഗമത്തിൽ പങ്കെടുത്തു.

**നേഴ്സസ് ഡേ :** അന്താരാഷ്ട്ര വനാതാദിനത്തോടനുബന്ധിച്ച് വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ ഭൂമിയിലെ മാലാഖമാരായ നേഴ്സുമാർക്ക് സ്നേഹാദരം നൽകി. വെള്ളരിക്കുണ്ട് സഹകരണ ആശുപത്രിയിലെ നേഴ്സുമാരെ ആദരിക്കുകയും മധുരം നൽകി ആശംസകൾ കൈമാറുകയും ചെയ്തു.

**മെഗാ യുവജനസംഗമം**

വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മെഗാ യുവജന സംഗമം തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കാസറഗോഡ് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജോമോൻ ജോസ് മുഖ്യാതിഥിയായിരുന്നു. ക്രൈസ്തവർ നേരിടുന്ന സാമൂഹിക വിവേചനത്തിനെതിരെ വിമോചന റാലിയും സംഘടിപ്പിച്ചു.

**തിയോഫിയ – മെഗാ യൂത്ത് മീറ്റ്**

നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മെഗാ യൂത്ത് മീറ്റ് ഉളിക്കൽ ബദേൽ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. ഫൊറോന പ്രസിഡന്റ് അബിൻ വടക്കേക്കര അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തലശ്ശേരി അതിരൂപത ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഉളിക്കൽ ടൗണിലൂടെ പ്രൗഢഗംഭീരമായ റാലിയും സംഘടിപ്പിച്ചു.

**ആദരം, അഭിനന്ദനം**

വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ റോപ്പ് പുൾ അപ്പിൽ ലോക റെക്കോർഡ് കരസ്ഥമാക്കിയ വെള്ളരിക്കുണ്ട് യൂണിറ്റ് അംഗം അഖിൽ ജോയൽ വാളിപ്ലാക്കലിന് ആദരവ് നൽകി.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

## I. നന്ദി! അഭിനന്ദനങ്ങൾ!

കഴിഞ്ഞ 5 വർഷക്കാലം (2018–2023) സമാനതകളില്ലാത്ത പ്രവർത്തന മികവോടെ കുടുംബപ്രേഷിത വിഭാഗത്തെ നയിച്ച കർമ്മനിരതനായ ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചനോടുള്ള നന്ദി വാക്കുകൾക്ക് അതീതമാണ്. കൊറോണ കാലഘട്ടത്തിൽ ആത്മ വിശ്വാസത്തോടെ ഓൺലൈൻ പ്രോഗ്രാമുകളിലേക്ക് അച്ചൻ കട ന്നുചെല്ലുകയും വിജയകരമായി ഓരോ പരിപാടികളും പൂർത്തിയാ ക്കുകയും ചെയ്തത് മറ്റു രൂപതകൾക്കു കൂടി മാതൃകയായിരുന്നു. നൈപുണ്യവും കൈപുണ്യവും കൈമുതലായ അച്ചൻ ദൈവജന ത്തോടൊപ്പം നിന്ന് അവരെ ഉണർത്തി, വളർത്തി പൊതുസമൂഹ ത്തിലും പൊതുവേദികളിലും തിളങ്ങി പ്രശോഭിച്ച അച്ചൻ അതിരൂ പതക്ക് അഭിമാനവും അനുഗ്രഹവുമാണ്. അച്ചന്റെ അത്ഭുതാവഹ മായ പ്രവർത്തനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി! പുതിയ സ്ഥലത്ത് ദൈവാനുഗ്രഹവും വിജയാശംസകളും നേരുന്നു.

പുതിയ ഡയറക്ടർ ബഹു. ജോർജ് കോവാട്ടച്ചൻ ജൂലൈ 10–ന് ചാർജെടുക്കും. അതുവരെയുള്ള കാലയളവിൽ ഡയറക്ടറായി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉത്തരവാദിത്വം വഹിക്കുന്നതാണ്.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

**MPC 2023**

| | |
|---|---|
| June 15 - 17 | (Thursday, Saturday) Thalassery |
| July 20 - 22 | (Thursday, Saturday) Padannakkad |
| August 17-19 | (Thursday, Saturday) Thalassery |
| September 21-23 | (Thursday, Saturday) Padannakkad |
| October 19-21 | (Thursday, Saturday) Thalassery |
| November 16-18 | (Thursday, Saturday) Padannakkad |
| December 14-16 | (Thursday, Saturday) Thalassery |

**Time Schedule :**

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## III. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com
Contact No : 6235445544.

## IV. മാതൃവേദി

**പ്രവർത്തനവർഷ ഉദ്ഘാടനം:-** 2023-24 മാതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 4 ഞായർ - ത്രിത്വത്തിന്റെ തിരുനാൾദിനം ഇടവകകളിൽ നടത്തണം. അന്നേദിവസം വി. കുർബാനയിൽ അമ്മമാർ ഒന്നിച്ച് പങ്കെടുത്ത് പതാക ഉയർത്തി ആന്തം പാടുക. പരിശുദ്ധ അമ്മയുടെ രൂപത്തിന് മുമ്പിൽ ദീപം തെളിച്ച് മാതൃവേദി പ്രാർത്ഥന ചൊല്ലി ബഹു. വികാരിയച്ചന്റെ ആശിർവ്വാദം സ്വീകരിക്കുക.

അതിരൂപതാതല ഉദ്ഘാടനം ചെമ്പന്തൊട്ടി ഫൊറോനാ പള്ളിയിൽ വച്ച് നടത്തുന്നതാണ്.

**യൂണിറ്റ്തല പ്രവർത്തനം:-** മഴക്കാല രോഗപ്രതിരോധമായി സ്വന്തം ഭവനവും പരിസരവും വൃത്തിയാക്കുക.

ജൂൺ 4 ഞായർ: പാവപ്പെട്ട കുട്ടികൾക്ക് സ്കൂൾ പഠനോപകരണങ്ങൾ നൽകുക.

ജൂൺ 8 വ്യാഴം : വി. മറിയം ത്രേസ്യാ തിരുനാൾ & പരിശുദ്ധ കുർബാനയുടെ തിരുനാൾ. തിരുനാൾ ദിവസം "വി. മറിയം ത്രേസ്യായുടെ തിരുക്കുടുംബ ചൈതന്യവും ദിവ്യകാരുണ്യ ഭക്തി" എന്ന വിഷയം കേന്ദ്രീ

കരിച്ച് ഇടവകാ തലത്തിൽ സെമിനാർ നടത്തുക. യൂണിറ്റ് ആനിമേറ്റേഴ്സ് നേതൃത്വം നൽകുക.

ജൂൺ 16 വെള്ളി: തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് തിരുഹൃദയ ഭക്തർക്ക് ലഭിക്കുന്ന വാഗ്ദാനങ്ങൾ മനഃപാഠമാക്കുക.

ജൂൺ 29 വ്യാഴം: മേഖലാതല സെമിനാർ നടത്തുക. ഇടവകതല ഭാരവാഹികൾക്ക് മേഖലയിൽ പരിശീലനം നൽകുക.

**അതിരൂപത എക്സിക്യൂട്ടീവ് ഓൺലൈൻ:-**

മെയ്6, മെയ് 16 - അതിരൂപത ഭാരവാഹികളുടെ മീറ്റിംഗ് നടന്നു.

**മാതൃവേദി ജനറൽ ബോഡി**

അതിരൂപത ജനറൽ ബോഡി യോഗവും യാത്രയയപ്പു സമ്മേളനവും മെയ് 8 തിങ്കളാഴ്ച തളിപ്പറമ്പ് ഫൊറോന ദൈവാലയത്തിൽ വച്ച് രാവിലെ 10 മണിക്ക് തുടങ്ങി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ പതാക ഉയർത്തി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനവും-മാതൃദീപ്തി പ്രകാശനവും നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീമതി. ഷീബ തെക്കേടത്ത് അധ്യക്ഷ പ്രസംഗവും, സെക്രട്ടറി ശ്രീമതി. മിനി മംഗലത്തിൽ റിപ്പോർട്ടും, ട്രഷർ ശ്രീമതി. ഷാന്റി മാമൂട്ടിൽ കണക്കും അവതരിപ്പിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ 2022-23 വർഷത്തെ അവാർഡ് ദാനം പ്രഖ്യാപിക്കുകയും ആശംസ അർപ്പിക്കുകയും ചെയ്തു.

ഡയറക്ടർ സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെ യാത്രയപ്പ് സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ്മാരും, അതിരൂപതാ ഭാരവാഹികളും, അച്ചന് ആശംസ ഗാനങ്ങൾ അർപ്പിച്ച് സമ്മാനങ്ങൾ നൽകി. സി. എൽസി ജയിംസ് എസ്.എച്ച്, ശ്രീമതി. തങ്കമ്മ കൊച്ചുവേലിക്കകത്ത്, ശ്രീമതി. ജെസ്സി പുറ്റാമണ്ണ് എന്നിവർ അച്ചന് ആശംസ അർപ്പിച്ച് സംസാരിച്ചു. സെനറ്റ് മെമ്പർ ശ്രീമതി. ഡിംപിൾ ജോസ് കൂട്ടുങ്കൽ നന്ദി പറഞ്ഞു. 450-ഓളം അമ്മമാർ പങ്കെടുത്തു.

**2022-23 ലെ മികച്ച മേഖല - യൂണിറ്റുകൾ**

**മേഖലകൾ -** ഒന്നാം സ്ഥാനം നെല്ലിക്കാംപൊയിൽ
രണ്ടാം സ്ഥാനം മേരിഗിരി
മൂന്നാം സ്ഥാനം ആലക്കോട്.

**A+ Grade:-** പേരാവൂർ, വായാട്ടുപറമ്പ്, കുന്നോത്ത്

**A Grade:-** ചെമ്പേരി, കാഞ്ഞങ്ങാട്, മണിക്കടവ്, പൈസക്കരി, പനത്തടി.

**യൂണിറ്റുകൾ -** ഒന്നാം സ്ഥാനം പെരുമ്പടവ്
രണ്ടാം സ്ഥാനം നെല്ലിക്കാംപൊയിൽ
മൂന്നാം സ്ഥാനം ഉളിക്കൽ

**A+ Grade:-** പൈസക്കരി, ചെങ്ങോം, വായാട്ടുപറമ്പ്, ആലക്കോട്, വെള്ളാട്, കാഞ്ഞിരക്കൊല്ലി. പൂളക്കുറ്റി, പരിയാരം, കരുവഞ്ചാൽ, നെല്ലിക്കുറ്റി, പെരിങ്കരി, അരവഞ്ചാൽ.

**A Grade:-** മഞ്ഞളാംപുറം, ചെട്ടിയാംപറമ്പ്, കച്ചേരിക്കടവ്, ഉമ്മറപൊയിൽ, കരിക്കോട്ടക്കരി, തോമാപുരം, കരയത്തുംചാൽ, ചെമ്പന്തൊട്ടി, വിജയഗിരി, ഉദയഗിരി, കീഴ്പ്പള്ളി, കാർത്തികപുരം, വെള്ളരിക്കുണ്ട്, ജോസ്മൗണ്ട്, നെല്ലിപ്പാറ, പച്ചാണി, പനത്തടി, നടുവിൽ, ആനപ്പന്തി, മുണ്ടാന്നൂർ, പുല്ലടി, പെരിയ, എടൂർ, മണ്ടളം, പുളിങ്ങോം, മാനടുക്കം, നീലേശ്വരം, പറമ്പ, റയറോം, വട്ടിയറ, ഏറ്റുപാറ, കുടിയാൻമല, ഹൊസങ്കടി, വിമലശ്ശേരി, കാഞ്ഞങ്ങാട്, കല്ലുവയൽ, തളിപ്പറമ്പ്, കണിച്ചാർ, പൊയിനാച്ചി, ചെമ്പേരി, കുന്നോത്ത്, മണിക്കടവ്, മേരിഗിരി, ചെടിക്കുളം, കോളയാട്.

## V. നന്ദി

മേഖലാ ആനിമേറ്റേഴ്സായി സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന സി. ലിറ്റി റോസ് എസ്.എ.ബി.എസ്, സി. റ്റിസ്സി എസ്.എ.ബി.എസ്, സി. ലിസ്ബിൻ എസ്.എച്ച് എന്നിവർക്കും അമല പ്രൊലൈഫിന്റെ ആനിമേറ്റർ സ്ഥാനത്തുനിന്നും സ്ഥലം മാറിപ്പോകുന്ന സി. ജസ്റ്റീന എം.എസ്.എം. ഐക്കും ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

## VI. അമല പ്രൊലൈഫ്

### 1. എക്സിക്യൂട്ടീവ് മീറ്റിംഗ്

അമല പ്രൊലൈഫ് എക്സിക്യൂട്ടീവ് മീറ്റിംഗ് മെയ് 10-ാം തീയതി വൈകുന്നേരം കണ്ണൂർ ഹോളി ഫാമിലി ദേവാലയത്തിൽ വച്ച് നടന്നു. ഡയറക്ടർ അച്ചൻ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ രൂപതാ ഭാരവാഹികൾ പങ്കുകൊണ്ടു.

### 2. പ്രൊലൈഫ് മിനിസ്ട്രിയുടെ പുതിയ ഭരണസമിതി അംഗങ്ങൾ

| | |
|---|---|
| കോഡിനേറ്റർ | : ടോമി ഓലിക്കൽ |
| പ്രസിഡന്റ് | : സലസ്റ്റിൻ വടക്കേൽ |
| വൈസ് പ്രസിഡന്റ് | : സണ്ണി ആശാരിപ്പറമ്പിൽ |
| സെക്രട്ടറി | : റൈനി ജോൺ കടവൻകുന്നേൽ |
| ജോ. സെക്രട്ടറി | : സിജി പുതുശ്ശേരി |
| ട്രഷറർ | : സാലി അരീപ്പറമ്പിൽ |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
വികാരി ജനറാൾ ആന്റ് ഡയറക്ടർ
ഫാമിലി അപ്പൊസ്തൊലേറ്റ്

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**1. പ്രവേശനോത്സവം**

പുതിയ വിദ്യാഭ്യാസ വർഷം ജൂൺ 01-ാം തീയതി ആരംഭിക്കുകയാണല്ലോ. പുതിയ കുട്ടികളുടെ പ്രവേശനം ഒരു ഉത്സവമാക്കി തീർക്കാൻ എല്ലാവരും ശ്രദ്ധിക്കുക. പ്രധാനാധ്യാപകകരും, അധ്യാപക-അനധ്യാപകരും, പി.ടി.എ. അംഗങ്ങളും കൂട്ടായി സഹകരിച്ച് പ്രവർത്തിക്കണം. മാനേജരച്ചന്മാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളും സ്കൂൾ വെഞ്ചിരിപ്പും കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും നടത്തേണ്ടതാണ്.

അധ്യയനവർഷാരംഭം മുതൽ അധ്യാപകർ സ്കൂളിൽ മുടങ്ങാതെ വരികയും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും വേണം. അച്ചടക്കത്തിന്റെ കാര്യത്തിലും പഠനത്തിന്റെ കാര്യത്തിലും വളരെയേറെ മികവു പുലർത്താൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. എസ്.എസ്. എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് നല്ല റിസൾട്ട് നമ്മുടെ സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ട്. ഉന്നതമായ വിജയത്തിന്റെ ശൈലി നമ്മുടെ എല്ലാ സ്കൂളുകൾക്കും തുടർന്നും നിലനിർത്താൻ കഴിയണം. അതിനു സാധിക്കണമെങ്കിൽ അധ്യാപക അനധ്യാപകർ എല്ലാവരും പ്രധാനാധ്യാപകനോട് ചേർന്നുകൊണ്ട് സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും നന്മയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കണം. തുടക്കം മുതലേ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ നല്ല റിസൾട്ട് ലഭിക്കുകയുള്ളൂ.

പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണം. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്താൽ മാത്രമേ അവരുടെ വ്യക്തിത്വം വളർന്നുവരികയുള്ളൂ. വിദ്യാർത്ഥികളെ അച്ചടക്കമുള്ളവരായി വളരാൻ സഹായിക്കുന്ന എൻ.സി.സി. സ്റ്റുഡൻസ് പോലീസ്, സ്കൗട്ട് ആന്റ് ഗൈഡ്, എൻ.എസ്. എസ്., ജെ.ആർ.സി, കബ്ബ്, ബുൾബുൾ മുതലായവയിൽ കുട്ടികളെ ചേരു

വാൻ പ്രേരിപ്പിക്കുകയും അവർക്ക് അവസരങ്ങൾ ഉണ്ടാക്കികൊടുക്കുകയും വേണം. ഇതിനാവശ്യമായ ട്രെയിനിംഗ് എല്ലാ അധ്യാപകരും നേടേണ്ട താണ്. പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപുലർത്തേണ്ട താണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് വളർന്നുവരാൻ അവ സരങ്ങളുണ്ടാകുന്നതോടു കൂടി അവരുടെ സ്വഭാവരൂപീകരണത്തിലും അധ്യാ പകർക്ക് ഗണ്യമായ പങ്ക് ഉണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. കുട്ടികൾ പല കാര്യങ്ങളും തങ്ങളുടെ അധ്യാപകരിൽ നിന്നുമാണ് കണ്ടുപഠിക്കുന്നത്. അതിനാൽ അധ്യാപകർ എല്ലാ കാര്യത്തിലും കുട്ടികൾക്ക് മാതൃകയാകാൻ ശ്രദ്ധിക്കണം. മൂല്യബോധമുള്ള ഒരുതലമുറയെ വളർത്തിയെടുക്കുവാൻ നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**2. രജിസ്ട്രേഷൻ**

എൽ.പി, യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് താഴെ പറയുന്ന അധ്യാ പന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാൻ അവ സരം നൽകുന്നു.

എൽ.പി. വിഭാഗം : പ്ലസ് ടു, ഡിഎൽഎഡ്/ടി.ടി.സി

യു.പി/ഹൈസ്കൂൾ : ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക്, സയൻസ് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) എന്നീ വിഷയ ങ്ങളിൽ ബിരുദവും ബി.എഡും ഉണ്ടായിരിക്കണം.

2023 ജൂൺ 24-ാം തീയതി ശനി മുതൽ (രണ്ടാം ശനി ഒഴികെയുള്ള ശനിയാഴ്ചകളിൽ മാത്രം) രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ കോർപ്പറേറ്റ് ഓഫീസിൽ വന്ന് രജിസ്ററർ ചെയ്യാവുന്നതാണ്.

### രജിസ്ട്രേഷൻ നടത്താൻ വരുമ്പോൾ കൊണ്ടു വരേണ്ട രേഖകൾ

1 പാസ്സ്പോർട്ട് സൈസ് ഫോട്ടോ - 1
2 വികാരിയച്ചന്റെ കത്ത് (മറ്റ് മതസ്ഥർ വാർഡ് മെമ്പറിന്റയോ, വികാരി യച്ചന്റെയോ കത്ത്)
3 വേദപാഠ ഡിപ്ലോമ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
4 വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളു ടെയും കോപ്പി
5 കെ.ടെറ്റ്/സെറ്റ്/സി.ടെറ്റ് എം.എഡ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്
6 അധികമായ യോഗ്യതകൾ, മെറിറ്റ് അവാർഡ് എന്നിവയുടെ പകർപ്പുകൾ

ബഹുമാനപ്പെട്ട അച്ചന്മാർ രജിസ്ട്രേഷന്റെ കാര്യങ്ങൾ പള്ളിയിൽ അറി യിക്കുമല്ലോ.

### 3. എസ്.എസ്.എൽ.സി റിസൾട്ട് 2022 - 2023

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | Full A+ | 9 A+ | ശതമാനം |
|---|---|---|---|---|---|
| ചെറുപ്പുഴ എച്ച്.എസ് | 254 | 254 | 79 | 21 | 100% |
| എടൂർ എച്ച്.എസ് | 209 | 209 | 46 | 14 | 100% |
| ചെമ്പന്തൊട്ടി എച്ച്.എസ് | 125 | 125 | 52 | 05 | 100% |
| ചന്ദനക്കാംപാറ എച്ച്.എസ് | 57 | 57 | 23 | 04 | 100% |
| ചെമ്പേരി എച്ച്.എസ് | 163 | 163 | 54 | 15 | 100% |
| കടുമേനി എച്ച്.എസ് | 71 | 71 | 14 | 09 | 100% |
| കരിക്കോട്ടക്കരി എച്ച്.എസ് | 122 | 122 | 27 | 02 | 100% |
| കിളിയന്തറ എച്ച്.എസ് | 125 | 125 | 10 | 06 | 100% |
| കുന്നോത്ത് എച്ച്.എസ് | 151 | 151 | 34 | 07 | 100% |
| കുടിയാൻമല എച്ച്.എസ് | 101 | 101 | 27 | 07 | 100% |
| മണിക്കടവ് എച്ച്.എസ് | 195 | 195 | 35 | 16 | 100% |
| മേരിഗിരി എച്ച്.എസ് | 86 | 86 | 27 | 08 | 100% |
| നെല്ലിക്കുറ്റി എച്ച്.എസ് | 65 | 65 | 15 | 02 | 100% |
| പൈസക്കരി എച്ച്.എസ് | 124 | 124 | 27 | 09 | 100% |
| പാലാവയൽ എച്ച്.എസ് | 104 | 104 | 41 | 07 | 100% |
| പേരാവൂർ എച്ച്.എസ് | 315 | 315 | 57 | 17 | 100% |
| പെരുമ്പടവ് എച്ച്.എസ് | 125 | 125 | 24 | 09 | 100% |
| പുലിക്കുരുമ്പ എച്ച്.എസ്. | 37 | 37 | 07 | 02 | 100% |
| തോമാപുരം എച്ച്.എസ്. | 141 | 141 | 44 | 07 | 100% |
| വായാട്ടുറമ്പ് എച്ച്.എസ്. | 233 | 233 | 48 | 24 | 100% |
| വെള്ളരിക്കുണ്ട് എച്ച്.എസ്. | 198 | 198 | 47 | 15 | 100% |
| വെളിമാനം എച്ച്.എസ്. | 185 | 185 | 27 | 06 | 100% |
| അങ്ങാടിക്കടവ് എച്ച്.എസ് | 120 | 119 | 22 | 09 | 99.16% |
| കൊളക്കാട് എച്ച്.എസ് | 117 | 115 | 27 | 07 | 98.2% |

എസ്.എസ്.എൽ.സി. പരീക്ഷ എഴുതി ഉന്നതവിജയം നേടിയ എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഒന്നോ, രണ്ടോ കുട്ടികളുടെ പരാജയം മൂലം വിജയം ലഭിക്കാത്ത സ്കൂളുകളെയും 100 ശതമാനം വിജയം

ലഭിച്ച സ്കൂളുകളെയും ഇതിനായി അധ്വാനിച്ച പ്രധാനാധ്യാപകർ, അധ്യാപക-അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

### 4. ആറാം പ്രവൃത്തിദിന റിപ്പോർട്ട്

വിദ്യാഭ്യാസ ഓഫീസുകളിലേക്ക് ആറാം പ്രവൃത്തിദിന റിപ്പോർട്ട് നൽകുന്നതിന് മുമ്പേ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1 കോർപ്പറേറ്റിലേക്ക് www.ceadot.org എന്ന വെബ്സൈറ്റിലേക്ക് വിദ്യാർത്ഥികളുടെ എണ്ണം 06/06/2023 ചൊവ്വാഴ്ച 4 മണിക്ക് മുമ്പായി എന്റർ ചെയ്യേണ്ടതാണ്.

2 വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ട ആറാം പ്രവൃത്തിദിന റിപ്പോർട്ട് ഫോമിന്റെ ഫോട്ടോ കോപ്പി എടുത്ത് പൂരിപ്പിച്ച് 06/06/2023 ചൊവ്വാഴ്ച 4 മണിക്ക് മുമ്പായി corporatetly@gmail.com എന്ന ഇ-മെയിലേക്ക് അയക്കണം.

3 ഇതിനകം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചു കാണുമെന്ന് കരുതുന്നു. നിലവിലുള്ള തസ്തികകൾക്കാവശ്യമായ റൂമുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിലുണ്ട് എന്ന് ഉറപ്പുവരുത്തണം.

4 എൽ. പി സ്കൂളുകളിൽ ഒന്നാം ക്ലാസിൽ 10 കുട്ടികൾ ഉണ്ടെങ്കിൽ അറബിക് തസ്തികയ്ക്ക് സാധ്യതയുണ്ട്. അറബി പഠിക്കുന്ന കുട്ടികളുള്ള എൽ.പി.സ്കൂളുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

5 നിലവിലുള്ള കുട്ടികളുടെ എണ്ണം പ്രകാരം ലഭിക്കാവുന്ന എല്ലാ തസ്തികകൾക്കും സ്പെഷ്യ ലിസ്റ്റ് തസ്തികകൾക്കും അപേക്ഷ സമർപ്പിക്കണം. കോർപ്പറേറ്റ് ഓഫീസിലേക്ക് www.ceadot.org എന്ന വെബ്സൈറ്റിലൂടെയും corporatetly@gmail.com എന്ന ഇ-മെയിലൂടെയും 06/06/2023 ന് കുട്ടികളുടെ എണ്ണം അറിയിച്ചതിനുശേഷം ആറാംപ്രവൃത്തിദിനമായ ജൂൺ 8-ാം തീയതിക്കു മുമ്പായി കുട്ടികൾ ആരെങ്കിലും ചേർന്നാൽ ആ വിവരം വിദ്യാഭ്യാസ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനു മുൻപ് കോർപ്പറേറ്റ് ഓഫീസിലേക്ക് ഫോണിലൂടെ അറിയിക്കണം.

6 ഓരോ ക്ലാസിലെയും അധ്യാപകർ തങ്ങളുടെ ക്ലാസിലെ വിദ്യാർത്ഥികളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും തങ്ങളുടെ ലാപ്ടോപ്പിൽ തയ്യാറാക്കി സൂക്ഷിക്കുകയും സ്കൂൾ ഓഫീസ് പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ യഥാസമയം നൽകുകയും ചെയ്യണം. ഇപ്പോഴും

കമ്പ്യൂട്ടർ പരിജ്ഞാനമില്ലാതെ കുട്ടികളുടെ പേരും മറ്റു വിവരങ്ങളും എഴുതുന്ന ശൈലിയിൽ നിന്നും മാറണം.

7 യാതൊരു കാരണവശാലും കുട്ടികളുടെ എണ്ണത്തിൽ നമ്മുടെ സ്കൂളുകളിൽ ക്രമക്കേടുകൾ ഉണ്ടാകാൻ പാടില്ല. സർക്കാർ നിർദേശ പ്രകാരമുള്ള നിയമാനുസൃത സംവിധാനങ്ങളിലൂടെ മാത്രമേ വിദ്യാലയ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ പാടുള്ളൂ എന്ന് പ്രധാനദ്ധ്യാപകരെ ഓർമ്മിപ്പിക്കുന്നു. കുട്ടികളുടെ എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രധാനധ്യാപകർക്കായിരിക്കും.

ചൊവ്വാഴ്ച തന്നെ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിലേക്ക് സോഫ്റ്റ് വെയറിലൂടെയും ഇ-മെയിലിലൂടെയും അയയ്ക്കുന്ന കാര്യത്തിൽ യാതൊതു കാരണവശാലും വീഴ്ച വരുത്തരുത്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**1. ജർമ്മൻ ഭാഷയുടെ പുതിയ ബാച്ച് വെള്ളരിക്കുണ്ടിൽ ആരംഭിക്കുന്നു**

സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ സെന്റ് ജൂഡ്സ് ആർട്സ് ആന്റ് സയൻസ് കോളേജ് വെള്ളരിക്കുണ്ടിൽ ജർമ്മൻ ഭാഷയുടെ A1, A2 പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ആദ്യം അഡ്മിഷൻ എടുക്കുന്ന 25 കുട്ടികൾക്കാണ് അവസരം ലഭിക്കുക.

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 8281750777, 8281730777**

**2. ജർമ്മൻ ഭാഷാ പരിശീലനം**

ജർമ്മൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ച് വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**3. IELTS, OET, UKVI**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാൻ താഴെ പറയുന്ന ഫോൺനമ്പറിൽ ബന്ധപ്പെടുക. **Ph: 8281750777, 8281730777**

ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക

www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

| MAR. JOSEPH PAMPLANY EDUCATIONAL SCHOLARSHIP | | | |
|---|---|---|---|
| SCHOLARSHIP | | | Total Marks Scored In Plus One Physics, Mathematics, Chemistry Exams |
| Platinum | ₹ 2,65,400/- | Tution Fee 8650/- മാത്രം | 95% & Above Marks |
| Daimond | ₹ 1,50,000/- | Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden | ₹ 60,000/- | Yearly 15000/- | 85% & Above Marks |
| Silver | ₹ 40,000/- | Yearly 10000/- | 80% & Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

## KEAM RANK SCHOLARSHIP 2023

| | |
|---|---|
| KEAM Rank 1- 5000 | : Scholarship : Entire College Fee |
| Rank 5001- 8000 | : Scholarship : 2,65,400/- (66,350x4 year) |
| | Tution Fee = Government Fee only |
| Rank 8001 - 10000 | : Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | : Scholarship : 20,000/- (5000x4 year) |

Web : www.vjec.ac.in Email: admission@vjec.ac.in

### പ്ലേസ്മെന്റ് വാർത്തകൾ April 2023

പ്രമുഖ Edutech കമ്പനിയായ ബൈജൂസ് ലേണിംഗ് ആപ്പ് വിമൽ ജ്യോതിയിലെ കുട്ടികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായി. ജൂൺ ആദ്യവാരത്തോടെ സെലക്ഷൻ പ്രോസസ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബാംഗളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അപ്ലൈഡ് മെറ്റീരിയൽസ് എന്ന കമ്പനി വിമൽജ്യോതിയിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുകയുണ്ടായി. കമ്പ്യൂട്ടർ സയൻസ് അവസാന വർഷ വിദ്യാർത്ഥിയായ Mr. Ranjul Arimudi ക്ക് 10,55,000/ രൂപ വാർഷിക ശമ്പളത്തിൽ ജോലി ലഭിച്ചു.

പ്രമുഖ ഓട്ടോമേഷൻ കമ്പനിയായ ഇൻഡസ്ട്രിയൽ പ്രോസസ് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അവരുടെ ബാംഗളൂർ പീനിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിലെ വിവിധ ഒഴിവുകളിലേക്ക് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുകയുണണ്ടായി. ഈ അധ്യയനവർഷത്തിൽ ബിടെക് പഠനം പൂർത്തിയാക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് ആയിരുന്നു പങ്കെടുക്കാൻ അവസരം ഉണ്ടായിരുന്നത്. പതിനഞ്ചോളം കുട്ടികളെ അടുത്ത റൗണ്ടിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. സെലക്ഷൻ പ്രോസസ് മെയ് മാസം അവസാനത്തോടെ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

കേരള ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള നോളജ് ഇക്കണോമി മിഷന്റെയും ICT അക്കാദമിയുടെയും BNI യുടെയും സംയുക്ത ആഭിമുഖ്യത്തിൽ വിമൽജ്യോതിയിൽ വച്ച് മെയ് 20ന് Mega Job Fair സംഘടിപ്പിച്ചു. 13 കമ്പനികളും 180 ഓളം കുട്ടികളും ഈ ജോബ് ഫെയറിൽ പങ്കെടുക്കുകയുണ്ടായി. 111 കുട്ടികൾ വിവിധ തസ്തികകളിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. സെലക്ഷൻ പ്രോസസ് ജൂലൈ പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

### വിമൽ ജ്യോതിയിൽ സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം

കമ്പനികളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും ബിസിനസിന്റെ

പ്രായോഗികമായ അറിവുകൾ നേടുവാനുമായി വിമൽജ്യോതി എംബിഎ കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ പത്ത് ദിവസത്തെ സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കുകയുണ്ടായി.

ഈ പ്രോഗ്രാമുമായി സഹകരിച്ച ടി എസ് എസ് എസ് തലശ്ശേരി, സെൻറ് ജോസഫ് ഹോസ്പിറ്റൽ കരുവഞ്ചാൽ, ഗ്ലോബൽ എച്ച് ആർ സൊല്യൂഷൻസ് കണ്ണൂർ തുടങ്ങി വിവിധങ്ങളായ കമ്പനികളിൽ വിദ്യാർത്ഥികൾ ഇന്റേൺ ഷിപ്പുകൾ നടത്തുകയും കമ്പനികളുടെ പ്രവർത്തനങ്ങളെ പറ്റിയും മാർക്കറ്റിംഗിനെപ്പറ്റിയും കൂടുതൽ പ്രായോഗികമായ അറിവുകൾ നേടുകയും ചെയ്തു. കോളേജിലെ എം ബി എ നാലാം സെമസ്റ്റർ വിദ്യാർത്ഥികൾ കേരളത്തിലും പുറത്തുമുള്ള വിവിധങ്ങളായ കമ്പനികളിൽ പ്രോജക്ട ചെയ്യാനായി പുറപ്പെട്ടു. 45 ദിവസം നീണ്ടുനിൽക്കുന്ന അവരുടെ പ്രോജക്ട് വർക്ക് ജൂൺ ആദ്യവാരം അവസാനിക്കും.

### യാത്രയയപ്പ് സമ്മേളനം നടത്തി

വിമൽജ്യോതി എംപിയെ കോളേജിലെ 2021-23 ബാച്ച് വിദ്യാർത്ഥി കൾക്കുള്ള യാത്രയയപ്പ് സമ്മേളനം കോളേജിന്റെ ബർസാർ ഫാദർ ലാസർ വരമ്പത്ത് ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ നേതൃ ത്വത്തിൽ സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനത്തിൽ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ഫാ. സോണി വടശ്ശേരിയും അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്തും സംസാരിക്കുകയുണ്ടായി. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികളും സംഘടിപ്പിച്ചു.

### എം ബി എ അഡ്മിഷൻ തുടരുന്നു

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപന മായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റെസീർ ച്ചിൽ 202325 വർഷത്തേക്കുള്ള എം ബി എ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബി രുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർ ഷിപ്പുകളും ലഭ്യമാണ്. 90 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥിക ൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

എം ബി എ പ്രവേശന പരീക്ഷയായ കെ മാറ്റ് എഴുതുന്ന വിദ്യാർത്ഥി കൾക്ക് മെയ് 18 മുതൽ ഓൺലൈൻ വഴി സൗജന്യമായി പരിശീലനവും നൽകുന്നുണ്ട്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറു കളിൽ ബന്ധപ്പെടുക. 9497517396, 9656786719, 8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

**ഏപ്രിൽ, മെയ് മാസ പ്രോഗ്രാമുകൾ**

## തലശ്ശേരി അതിരൂപത ബധിര കുടുംബ സംഗമം

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റും ADAM മിനിസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച ബധിര കുടുംബസംഗമം മിഷ്പാച്ച ഗാതറിങ് 30-04-23 ന് ആലക്കോട് സെന്റ് മേരീസ് ദൈവാല യത്തിൽ വച്ച് നടന്നു

## ഹീബ്രുവിൽ കുടുംബം എന്ന് അർത്ഥമുള്ള മീഷ്പാച്ച കൂട്ടായ്മയിൽ

50 ഓളം ബധിരകുടുംബങ്ങൾ പങ്കെടുത്തു ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ സെക്രട്ടറി ആന്റണി വെട്ടുകാട്ടിൽ ആംഗ്യ ഭാഷയിൽ പ്രാർഥനാഗാനമാലപിക്കുകയും ആലക്കോട് ഫൊറോന വികാരി റവ. ഫാ. മാണി അട്ടേൽ ഉദ്ഘാടനം ചെയ്ത് സംസാരി ക്കുകയും, അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു പരിപാടിയിൽ ADAM മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറി യിൽ സ്വാഗതവും ആലക്കോട് ഡെഫ് ബൈബിൾ കൂട്ടായ്മ പ്രസിഡന്റ് സനീഷ് പരിപാടിക്ക് നന്ദിയും പ്രകാശിപ്പിച്ചു

ബധിര വിദ്യാഭ്യാസ സേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സി. ഹെലേന DSS, സി. ജീസ DSS, സി. പുഷ്പ CMC എന്നിവരെ ആദരി ക്കുന്നതിനോടൊപ്പം ADAM മിനിസ്ട്രി പ്രവർത്തകരായ സനീഷ് പാറയിൽ, അൻസൽ പുളിക്കൽ എന്നിവരെയും ബധിര സമൂഹത്തി ലുള്ള ബധിര വിവാഹതിരസ്കരണങ്ങൾ കുറക്കുക എന്ന ലക്ഷ്യ ത്തൊടെ 50 ബധിര കുടുംബങ്ങളെയും ആദരിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സമ്മാനങ്ങളും, ഉപഹാരങ്ങളും കുടുംബാംഗങ്ങൾക്ക് നൽകി.

ആംഗ്യഭാഷയിലുള്ള വി. കുർബ്ബാനയിൽ ആരംഭിച്ച സംഗമം വിവിധ കലാപരിപാടികളിലും സ്നേഹവിരുന്നിലും പങ്കുചേർന്നും പരിസമാപ്തി കുറിച്ചു.

അതിരൂപതാ ബധിരകുടുംബ കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനും അംഗീകരിക്കുവാനും മുന്നോട്ടുവന്ന അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചനും ടീം അംഗങ്ങൾക്കുമുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

**മെയ് മാസം**

**കൈകൾ കോർത്ത് കരുത്തോടെ പിണറായി സർക്കാർ രണ്ടാം വാർഷികം**

മെയ് 3-9 തീയതികളിൽ കാസർഗോഡ് ജില്ലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട എന്റെ കേരളം പ്രദർശന വിപണന മേളയിൽ സാമൂഹ്യനീതി വകുപ്പുമായി ചേർന്നു ഉദ്ഘാടന യോഗത്തിൽ ആംഗ്യഭാഷ പരിഭാഷ നൽകുകയും, അഞ്ചാം തീയതി രാവിലെ 11 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയം ആംഗ്യഭാഷ അവബോധന ക്ലാസ് നൽകുകയും ചെയ്തു.

**CDAI വാർഷിക ധ്യാനം ഡിവൈൻ**

ഡിവൈൻ ത്യാഗത്തിൽ വച്ച് 19,20,21 തീയതികളിൽ കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 5-ാം വാർഷിക ധ്യാനത്തിൽ പങ്കുചേർന്ന് ധ്യാന പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള 150 പരം ആളുകൾ ധ്യാനത്തിൽ പങ്കുചേർന്നു.

**ബാംഗ്ലൂർ മിഷൻ**

ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച സെന്റ് പാട്രിക് ദൈവാലയത്തിൽ വച്ച് ബാംഗ്ലൂർ ആദം മിനിസ്ട്രി അംഗമായ രാഹുലിന്റെയും മെറിന്റെയും വിവാഹ ആശീർവാദകർമ്മത്തിൽ പങ്കുചേർന്നു.

**ജൂൺ മാസ പ്രോഗ്രാം**

**ഓൺലൈൻ മിനിസ്ട്രി**

| | | |
|---|---|---|
| 3, 17, 24, | - | വിശുദ്ധ കുർബാന |
| 7 | - | ആരാധന |
| 4 | - | ആലക്കോട് ഡഫ് ബൈബിൾ കൂട്ടായ്മ |
| 11 | - | ബാംഗ്ലൂർ |

**ഫാ. ജോർജ് കളരിമുറിയിൽ**

*ഡയറക്ടർ*

# ലെ അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

### ഫാ. ഫിലിപ്പ് കവിയിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ പുതിയ ഡയറക്ടർ ആയി തലശ്ശേരി അതിരൂപതാംഗമായ ഫാ. ഫിലിപ്പ് കവിയിൽ നിയമിതനായി. തലശ്ശേരി അതിരൂപതയിലെ ചന്ദനക്കാംപാറ ഇടവകാംഗമായ അദ്ദേഹം കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ഡയറക്ടർ ആയി പ്രവർത്തിച്ചു വരികയാണ്. അതിരൂപത യിലെ വിവിധ ചുമതലകൾ നിലവിൽ വഹിക്കുന്ന അച്ചന് സീറോ മലബാർ സഭയുടെ ഔദ്യോഗിക സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിന്റെ ഗ്ലോബൽ ഡയറക്ടർ എന്ന നിലയിൽ എല്ലാവിധ വിജയാശംസകൾ പ്രാർത്ഥനകളും!

### ജന്മദിനം ആചരിച്ചു

കത്തോലിക്കാ കോൺഗ്രസിന്റെ നൂറ്റിയഞ്ചാമത്തെ ജന്മദിനം ഏപ്രിൽ 30ന് സമുചിതമായി ആചരിച്ചു. അതിരൂപതയിലെ ജന്മദിനാ ഘോഷങ്ങളുടെ ഉദ്ഘാടനം വെണ്ണക്കൽ സെന്റ് ആന്റണീസ് പള്ളി യിൽ വൈകുന്നേരം നാലുമണിക്ക് പതാക ഉയർത്തിയും കേക്ക് മുറിച്ചും അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു, അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണവും സെന്റ് ആന്റണീസ് പള്ളി വികാരി ഫാദർ ഫിലിപ്പ് ചേനാട്ട് അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപതയിലെ മുഴുവൻ യൂണിറ്റുകളിലും പതാക ഉയർത്തുകയും മധുര പലഹാരങ്ങൾ വിതരണയും ചെയ്യുകയും ചെയ്തു.

### പെരുമ്പടവ് യൂണിറ്റ് രൂപീകരണം

കത്തോലിക്കാ കോൺഗ്രസിന്റെ പെരുമ്പടവ് യൂണിറ്റിന്റെ രൂപീകരണം പെരുമ്പടവ് സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച്

നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുനൽ ഉദ്ഘാടനം ചെയ്തു. സെന്റ് ജോസഫ് പള്ളി വികാരി ഫാദർ മാണി മേൽവെട്ടം അധ്യക്ഷത വഹിച്ചു.

**യാത്രയയപ്പ്**

കുന്നംകൈ പള്ളി വികാരി ഫാദർ ജോർജ് എലവുംകുന്നേൽ അച്ചന് (ജൂനിയർ) യാത്രയയപ്പ് നൽകി. പാരിഷ് ഹാളിൽ ചേർന്ന് യാത്രയയപ്പ് യോഗം അതിരൂപത പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**അതിരൂപത ഭാരവാഹികളുടെ മീറ്റിംഗ്**

കത്തോലിക്ക കോൺഗ്രസ് ഫൊറോന പ്രസിഡന്റ് മാരുടെയും അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും യോഗം ഓൺലൈൻ ആയി ചേർന്നു. യോഗതീരുമാനപ്രകാരം കർഷകരെ സഹായിക്കാൻ വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അതിരൂപതയിലെ ഉദ്ഘാടനം 21/5/23ന് വായാട്ടുപറമ്പ് സെന്റ് ജോസഫ് പാരിഷ് ഹാളിൽ ചേരുവാൻ തീരുമാനിച്ചു.

അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യാൻ തീരുമാനിക്കുകയും തീരുമാനപ്രകാരം ഇരുപത്തിയൊന്നാം തീയതി പദ്ധതികളുടെ ഉദ്ഘാടനം നടത്തപ്പെടുകയും ചെയ്തു. അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷ ണവും വായാട്ടുപറമ്പ് ഫൊറോന വികാരി ഫാദർ തോമസ് തെങ്ങുംപള്ളിൽ അനുഗ്രഹ പ്രഭാഷണവും, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം അഡ്വക്കേറ്റ് ബിനോയ് തോമസ് പദ്ധതികളുടെ വിശദീകരണം നടത്തി.

**ഫൊറോന മീറ്റിംഗ്**

വായാട്ടുപറമ്പ് ഫൊറോന കമ്മിറ്റിയുടെ മീറ്റിംഗ് കരുവഞ്ചാൽ പാരിഷ് ഹാളിൽ ചേർന്നു. 9 ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോസ് ഏത്തക്കാട്ട് അധ്യക്ഷത വഹിച്ചു.

**നിവേദനം**

കത്തോലിക്കാ സന്യാസത്തെ അപമാനിക്കുന്ന തരത്തിലുള്ള കക്ക് കളി നാടകം വിശ്വാസികളുടെ മുറിവേറ്റ മതവികാരത്തെ മാനിച്ച് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിരൂപത കമ്മിറ്റി മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ.ഡി.എസ്.യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**1. എ.ഡി.എസ്.യു. എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 24**

ഏപ്രിൽ 24 ന് എ.ഡി.എസ്.യു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. മെയ് ആദ്യവാരത്തിലെ ത്രിദിന ക്യാമ്പിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ഡയറക്ടർ അച്ചനും, ടോണി സാർ, ശോഭ ടീച്ചർ എന്നിവരും നേതൃത്വം നൽകി.

**2. Stand Up - Season - 2 വെബിനാർ**

എ.ഡി.എസ്.യു. അംഗങ്ങൾക്കുള്ള Stand Up - Season - 2 വെബിനാർ സംഘടിപ്പിച്ചു. ഏപ്രിൽ 26ന് ഒരു മണിക്കൂർ സെമിനാർ ഫാ. സോണി വടശ്ശേരി നയിച്ചു.

**3. ഏപ്രിൽ 30 അർദ്ധദിന സെമിനാർ**

ഏപ്രിൽ 30ന് അർദ്ധദിന സെമിനാർ ദീപഗിരിയിൽ സംഘടിപ്പിച്ചു. 10.30 മുതൽ 1 മണി വരെയായിരുന്നു. സെമിനാർ. ഡയറക്ടറച്ചൻ സെമിനാർ നയിച്ചു. വിൻസെന്റ് ഡി പോൾ മേഖലാ ഭാരവാഹികളും എല്ലാ യൂണിറ്റുകളിലുമുള്ള ഭാരവാഹികളും സംബന്ധിച്ചു.

**4. എ.ഡി.എസ്.യു. ആനിമേറ്റേഴ്സ് മീറ്റ്**

ഏപ്രിൽ 30ന് എ.ഡി.എസ്.യു. ആനിമേറ്റേഴ്സ് മീറ്റ് നടന്നു. വരും വർഷത്തെ പ്രവർത്തന പദ്ധതികൾ ആലോചിച്ചു. 80–ഓളം അധ്യാപകർ പങ്കെടുത്തു.

**5. മെയ് 4 – 6 Stand Up - ക്യാമ്പ്**

മെയ് 4 മുതൽ 6 വരെ തലശ്ശേരി സന്ദേശഭവനിൽ വെച്ച് യു. പി. വിഭാഗം കുട്ടികൾക്കായി മൂന്നു ദിവസത്തെ ക്യാമ്പ് നടന്നു.

ഫാ. വിപിൽ വടക്കേപ്പറമ്പിൽ ചീഫ് ഓർഗനൈസർ ആയിരുന്നു. ഫാ. ടോം ഓലിക്കരോട്ട്, ഫാ. മനോജ് ഒറ്റപ്ലാക്കൽ, മെന്റർമാരായ സനൂപ്, ഷാഹിദ എന്നിവരും, ടോണിസ്, ശോഭ, നീതു എന്നിവരും നേതൃത്വം നൽകി. തലശ്ശേരി എ.എസ്.പി. അരുൺ പി. പവിത്രൻ ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, സന്ദേശഭവൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ എന്നിവർ സംസാരിച്ചു.

### 6. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വാർഷിക സമ്മേളനം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി വാർഷിക സമ്മേളനം ചെമ്പേരി വിമൽ ജ്യോതിയിൽ വെച്ചു നടന്നു. കണക്ക് വായന, വരുംകാലപ്രവർത്തനങ്ങൾ എന്നിവ നടന്നു. ആന്റണി മേൽവെട്ടം അധ്യക്ഷത വഹിച്ചു. ഡയറക്ടർ അച്ചൻ ഉദ്ഘാടനം ചെയ്തു. മെയ് 6ന് 10 മണി മുതൽ 1.30 വരെയായിരുന്നു സമ്മേളനം.

### 7. മുക്തിശ്രീ വാർഷിക സമ്മേളനം മെയ് 7

മുക്തിശ്രീ വാർഷിക സമ്മേളനം ചെമ്പേരി ഓഡിറ്റോറിയത്തിൽ നടന്നു. കണക്ക് വായിച്ചു പാസ്സാക്കി. മുമ്പോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഷിനോ പാറയ്ക്കൽ അധ്യക്ഷത വഹിച്ച സമ്മേളനം ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

### കടപ്പാടോടെ നന്ദി.

മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്ത് നിന്നുകൊണ്ട് ശുശ്രൂഷ നിർവ്വഹിക്കുന്നവാൻ ഉത്തരവാദിത്വപ്പെടുത്തിയ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനും ഒപ്പം സഹകരണത്തിന്റെ കരം നീട്ടി ഒന്നിച്ച് പ്രവർത്തിച്ച ബഹു. അച്ചന്മാർക്കും സന്യസ്തർക്കും ആത്മാർപ്പണത്തോടെ ചേർന്ന് നടന്ന മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ പൊതുപ്രവർത്തകർക്കും

ഹൃദയം നിറഞ്ഞ കടപ്പാടോടെ നന്ദി...

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### ആശാകിരണം ആരോഗ്യ ഇൻഷൂറൻസ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി വിവിധ ഇൻഷൂറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പ്രത്യേകമായി ആരംഭിക്കുന്നു. വർദ്ധിച്ചുവരുന്ന മെഡിക്കൽ ബില്ലുകളിൽ നിന്നും സുരക്ഷിതരാകുവാനും, പണമില്ലാത്തതിന്റെ പേരിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടാതിരിക്കുവാനുമായി അഞ്ച് ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതിയിലൂടെ TSSS ഒരുക്കുക. പ്രീമിയം തുക ഒന്നിച്ച് അടച്ച് അംഗത്വമെടുക്കുവാൻ സാധി ക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽ നിന്നും പലിശ രഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷൂറൻസിൽ അംഗത്വമെടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനുള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും TSSS-ന്റെ യൂണിറ്റുകൾ വഴി നൽകുന്നു.

### ഫാമിലി കൗൺസിലിംഗ് സെന്ററിൽ അവസരം

സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡിന്റെയും, മിനിസ്ട്രി ഓഫ് വുമൺ & ചൈൽഡ് ഡെവലപ്മെന്റിന്റെയും സഹകരണത്തോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന TSSS ഫാമിലി കൗൺസിലിംഗ് സെന്ററിലേക്ക് കൗൺസിലർക്ക് അവസരമൊരുക്കി. മിനിമം ഒരു വർഷം പ്രസ്തുത മേഖലയിൽ പ്രവൃത്തിപരിചയവും, MSW/MA Psychology/MSc Psy-

chology വിദ്യാഭ്യാസ യോഗ്യതയുമുള്ള ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂ മുഖാന്തിരം തെരഞ്ഞെടുത്ത് നിർദ്ദിഷ്ട ചുമതലയിൽ നിയമിക്കുന്നു.

**ജൽ ജീവൻ മിഷൻ**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ രാജ്യത്ത് എല്ലാ ഗ്രാമപഞ്ചായത്ത് പരിധികളിലേയും മുഴുവൻ കുടുംബങ്ങൾക്കും ടാപ്പ് കണക്ഷൻ വഴി ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ TSSS പൂർത്തീകരിച്ചു വരുന്നു.

- യൂണിറ്റുതല ഓഡിറ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു.
- TSSS ന്റെ നേതൃത്വത്തിൽ നടത്തുന്ന ഭവനനിർമ്മാണത്തിന്റെ പുരോഗതി ഡയറക്ടർ വിലയിരുത്തി.
- തെരെഞ്ഞെടുക്കപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളുടെ പശുവിനെ വാങ്ങാൻ ധനസഹായം നല്കി.
- എല്ലാ മേഖലയിലെയും വിവിധ യൂണിറ്റുകളിൽ മഴക്കാലരോഗ പ്രതിരോധ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
- ഓഡിറ്റേഴ്സിന്റെയും സ്റ്റാഫിന്റെയും ഗൂഗിൾ മീറ്റ് സംഘടിപ്പിച്ചു.
- ‘സജീവ‘ത്തിന്റെ Anti Drugs Campaign മുണ്ടാനൂരിൽ വച്ച് നടത്തി.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ഇൻഫാം

സ്നേഹമുള്ളവരെ, തലശ്ശേരി അതിരൂപത എന്നും കർഷകരെ ചേർത്തുനിർത്തിയ രൂപതയാണ്. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് മുതൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വരെ കർഷകരുടെ ഏത് ആവശ്യത്തിനും ഓടി എത്തുന്നു എന്നത് അഭിമാനാർഹമാണ്, ഉത്തര മലബാർ കർഷകസമരം മുതൽ അവസാനം ആലക്കോട് നടന്ന കർഷക രോഷാഗ്നിവരെ അതിന് തെളിവാണ്. ആറളം ഫാമിൽ ഓരോ മനുഷ്യജീവനും വന്യ മൃഗങ്ങളാൽ പൊലിയുമ്പോഴും ഓടി എത്തുവാൻ നമ്മുടെ പിതാവെ ഉള്ളു എന്ന യാഥാർത്ഥ്യം നാം മറക്കരുത്. ആ വന്ദ്യപിതാവിന്റെയും അതിരൂപത ഭരണ, നയരൂപീകരണ സമിതികളുടെയും കൂട്ടായ തീരുമാനത്തിന്റെ ഫലമായി ഇനി മുതൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഇൻഫാമും ഒന്നിച്ച് പ്രവർത്തിക്കും. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടർ ആണ് 2023 ജൂൺ 01 മുതൽ ഇൻഫാമിന്റെയും അതിരൂപത ഡയറക്ടർ.

സ്നേഹമുള്ളവരെ, തലശ്ശേരി അതിരൂപതയിലെ പ്രിയപ്പെട്ട കർഷകർക്കുവേണ്ടി ജാതി-മത-വർഗ്ഗ-വിത്യാസമില്ലാതെ കർഷക ഉന്നമനത്തിനായി കഴിഞ്ഞ രണ്ട് വർഷമായി പ്രവർത്തിക്കാൻ എനിക്ക് സാധിച്ചതിന് പ്രത്യേകം ദൈവത്തിന് നന്ദി! എന്നിൽ വിശ്വാസമർപ്പിച്ച് എന്നെ ഈ ഉത്തരവാദിത്വം ഏൽപിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും നന്ദി. ഏതു കാര്യത്തിനും ഒപ്പം ഉണ്ടായിരുന്ന ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ

അച്ചനും ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി അച്ചനും, എല്ലാ ഫൊറോനാ ഡയറക്ടർ അച്ചൻമാരെയും സ്നേഹത്തോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി കാസർഗോഡ് റീജനൽ ഡയറക്ടർ പെരിയ ബഹു. ഡോ. ജോൺസൺ അന്ത്യാംകുളം അച്ചനും ഒത്തിരി നന്ദി. കണ്ണൂർ കാസർഗോഡ് ജില്ലാ കമ്മറ്റിയേയും പ്രത്യേകമായി ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് ശ്രീ. സ്കറിയ നെല്ലംകുഴി സാറിനും കാസർഗോഡ് ജില്ലാ പ്രസിഡന്റ് ശ്രീ. ഗിരി സാറിനും നന്ദി. നമ്മുടെ അതിരൂപതയിലെ എല്ലാ പ്രിയപ്പെട്ട അച്ചൻമാർക്കും ഒത്തിരി ഒത്തിരി നന്ദി. ഇനിയും ഇൻഫാമിന്റെ കരുത്തുറ്റ പ്രവർത്തനങ്ങൾ വഴിയായി ധാരാളം കർഷക ക്ഷേമ പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ശ്രീ. സ്കറിയ നെല്ലംകുഴിയിൽ**
*പ്രസിഡന്റ്*

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഏപ്രിൽ 2023

21 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

22 കാഞ്ഞങ്ങാട് അമ്പലത്തറയിൽ കപ്പൂച്ചിൻ ആശ്രമം വെഞ്ചരിച്ചു. തുടർന്ന് വെള്ളരിക്കുണ്ടിൽവച്ച് സംഘടിപ്പിച്ച യൂത്ത് കൺവെൻഷൻ സെന്ററിലെത്തി യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. മൂന്നുമണിയോടെ മേരിഗിരി ഫൊറോനാ ദൈവാലയത്തിൽവച്ച് ആഗ്നസ് മൈലാടൂരിന് കോൺസക്രേറ്റഡ് വെർജിൻ പദവി നൽകി.

23 കൊച്ചി പാലരാവിട്ടത്ത് വച്ച് സംഘടിപ്പിച്ച സീ ന്യൂസ്സ് അവാർഡ് ദാനചടങ്ങ് ഉദ്ഘാടനം ചെയ്തു.

24 നെല്ലിക്കുറ്റി ഇടവകാ ദൈവാലയത്തിൽവച്ച് ഡീ. റെസ്റ്റിൻ കുറുമുട്ടത്തിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരിയിൽവച്ച് റീജൻസി ബ്രദേഴ്സുമായി അഭിമുഖം നടത്തി. വൈകുന്നേരം സെന്റ് ജോർജ് നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

25 അമ്മംകുളം ഇടവക പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

26 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് കാറോയ, ഹെവ്പദ്, യാക്ക്ന പട്ടം നൽകൽ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന്റെ ഡയറക്ടർമാരെ കണ്ട് സംസാരിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

27 രാവിലെ പേരാവൂർ ദൈവാലയത്തിൽവച്ച് തിരുഹൃദയ സന്യാസിനിമാരുടെ വ്രതവാഗ്ദാന, നവീകരണ തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം പൊട്ടംപ്ലാവിലെത്തി മേജർ സെമിനാരി കൂട്ടായ്മയിലായിരുന്ന ബ്രദേഴ്സിനെ സന്ദർശിച്ചു.

28 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

29 ചുള്ളി ഇടവകാ ദൈവാലയത്തിൽവച്ച് പൂവത്തിങ്കൽ അന്നമരിയയ്ക്ക് മാമ്മോദീസാ നൽകി. ആനമഞ്ഞൾ ഇടവകാംഗമായ സി. ലിയോൺസാ എം.എസ്.എം.ഐ യുടെ ഭവനം സന്ദർശിച്ചു. തുടർന്ന് മാലോം ഇടവകാംഗമായ ബ്ര. ആൽവിൻ ആനാനിയുറുമ്പേലിന്റെ ഭവനം സന്ദർശിച്ചു. മാലോത്ത് പുതുതായി നിർമ്മിച്ച ഒ.എസ്.ബി ആശ്രമം വെഞ്ചരിച്ചു. തുടർന്ന് ചെറുപുഴയിൽ ജീസസ് യൂത്ത് സമ്മേളനത്തിലായിരിക്കുന്ന യുവജനങ്ങളെ സന്ദർശിച്ച് സംസാരിച്ചു. വൈകുന്നേരം നെല്ലിക്കാംപോയിൽ ഫൊറോനാ യൂത്ത് സമ്മേനത്തിൽ പങ്കെടുക്കാനെത്തിയ യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് മണിപ്പാറ ഇടവകയിലെത്തി മിഷൻലീഗ് സുവർണ്ണജൂബിലി ഉദ്ഘാടനം ചെയ്തു.

30 വെണ്ണക്കല്ല് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച കല്ലറകളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് ചന്ദനക്കാംപാറയിൽ നവീകരിച്ച ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

### മെയ് 2023

01 രാവിലെ മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമ്മേളനത്തിന് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ചെറുപട്ടങ്ങളുടെ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

02-07 റോമിൽവച്ച് വത്തിക്കാൻ പ്രതിനിധികളുമായി സീറോമലബാർ സഭയുടെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തു.

08 രാവിലെ വെളിമാനം ഇടവകാ ദൈവാലയത്തിൽവച്ച് ഡീ. ജിബിൻ സി. എസ്.എസ്.ആർ ന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം കാലാങ്കിയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. രാത്രിയോടെ സന്ദേശവനിലെത്തി ഹോം ഡേ ആഘോഷപരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി.

09 തലശ്ശേരിയിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രത്നഗിരി ഇടവകാംഗവും സെന്റ് കമില്ലസ് സഭയുടെ പ്രൊവിൻഷ്യലുമായ ബഹു. ബിജോയ് കുളിരാനിയിലച്ചന്റെ പിതാവ്, വർക്കിച്ചൻ കുളിരാനിയിലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഏഴുമണിയോടെ കുന്നോത്ത് എത്തി ബഹു. ചെരിയംപുറം അച്ചന്റെ യാത്ര

യയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ഇരിട്ടി അമലാ ആശുപത്രിയിൽവച്ച് മരണമടഞ്ഞ SABS സന്യാസിനീ സമൂഹാംഗം ബഹു. സി. സ്റ്റെല്ലാ മരിയ കൊല്ലക്കൊമ്പിലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാത്രിയോടെ സി.ബി.സി.ഐ സ്റ്റാൻഡിംഗ് കമ്മറ്റി മീറ്റിംഗിനായി ബാംഗ്ലൂരിലേക്ക് പുറപ്പെട്ടു.

10 സി.ബി.സി.ഐ സ്റ്റാൻഡിംഗ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

11 പാലാ കയ്യൂർ ഇടവകാംഗവും ബഹു. ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ടിന്റെ പിതാവുമായ കെ.എം. മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

12 കാഞ്ഞിരപ്പള്ളി രൂപതാദിനവുമായി ബന്ധപ്പെട്ട് കുമളിയിൽവച്ച് നടത്തിയ സമ്മേളനത്തിൽ വചനസന്ദേശം നൽകി.

13 രാവിലെ കാഞ്ഞിരടുക്കം ഇടവക പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പിൽവച്ച് ബി. പോസിറ്റീവ് ചാരിറ്റബിൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കാരുണ്യസ്പർശം അവാർഡ് ദാനം നിർവ്വഹിച്ചു. തുടർന്ന് ആലക്കോട് ഇടവകയിൽ നവീകരിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

14 അറബി ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

15 രാവിലെ തലശ്ശേരിയിൽവച്ച് കപ്പൂച്ചിൻ സഭാംഗമായ ബ്ര. ജിന്റോ തുടിയംപ്ലാക്കലിന് ഡീക്കൻ പട്ടം നൽകി. തുടർന്ന് തളിപ്പറമ്പ് ദൈവാലയത്തിൽവച്ച് ആനന്ദ് ജോസ് ആലക്കലിന്റെയും മേരി ആലുങ്കലിന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം കച്ചേരിക്കടവ് ഇടവകയിൽ നവീകരിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രി 9 മണിയോടെ പാടാംകവല സ്കൂൾ നവീകരണവുമായി ബന്ധപ്പെട്ട് ചേർന്ന ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

16 അതിരൂപതാ കേന്ദ്രത്തിൽവച്ച് സന്ദർശനത്തിനെത്തിയ ബഹു. വൈദികരുമായി സംവദിച്ചു. തുടർന്ന് ഒന്നാം വർഷ തിയോളജി, മൂന്നാംവർഷ ഫിലോസഫി വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ട് സംസാരിച്ചു. രാത്രി 8 മണിയോടെ ചേർന്ന സാൻജോസ് സ്കൂൾ മാനേജ്മെന്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

തുടർന്ന് രണ്ടാംവർഷ തിയോളജി വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ട് സംസാരിച്ചു. രാത്രി 9 മണിയോടെ ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

18 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് സാന്റാമോണിക്കാ എ.ഡി, വേദിക് ഐ.എ.എസ് അക്കാദമി സി.ഇ.ഓ എന്നിവരുമായി സംവദിച്ചു. 12 മണിയോടെ മാലോം ഇടവകയിൽ നിര്യാതനായ ബഹു. ബിജു അമ്മിയാനിക്കൽ അച്ചന്റെ പിതാവ് മാത്യു അമ്മിയാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ഓൺലൈനായി കൂടിയ പഞ്ചാബ് മിഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കണ്ണൂർ മഹാത്മാ മന്ദിരത്തിൽവച്ച് ബഹു. തോമസ് തൈത്തോട്ടം അച്ചനെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് ശാലോം ടെലിവിഷന്റെ യൂക്യാറ്റ് ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. രാത്രി 9 മണിയോടെ ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

19 ശാലോം ടെലിവിഷന്റെ യൂകാറ്റ് ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

20 അതിരൂപതാ കേന്ദ്രത്തിൽവച്ച് ഒന്നാംവർഷ ഫിലോസഫി വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് ഇരിട്ടി ദൈവാലയത്തിൽവച്ച് റോഹൻ നടക്കലിന്റെയും ആൻജുവൽ പാലക്കുടിയിലിന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയോടെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ചെറുപുഴയിൽവച്ച് സംഘടിപ്പിച്ച മഹായുവജന റാലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ബഹു. ഫ്രാൻസിസ് മേച്ചിറാകത്ത് അച്ചന്റെ ഭവനം സന്ദർശിച്ചു.

**JUNE 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01-03 | 10.00 am | - | Australia |
| 04 | 05.00 pm | - | Kannur: Presbytery Blessing |
| 05 | 10-12 pm | - | Visitors Day |
| | 03.30 pm | - | Kottiyoor: Marriage |
| 06-08 | | - | KCBC |
| 09 | | - | Kunnoth: GSMS |
| 10 | 10.00 am | - | Thalassery: Catechsim Teachers Conference |
| 11 | | - | Engaged |
| 12-16 | | - | Synod |
| 17-25 | | - | Europe |
| 26 | 10.00 am | - | Engaged |
| 27 | 10.00 am | - | Peravoor: Parish Council Meeting |
| | 02.30 pm | - | Edoor: Parish Council Meeting |
| 28 | 10.00 am | - | Manikkadavu: Parish Council Meeting |
| | 02.30 pm | - | Paisakary: Parish Council Meeting |
| 29 | 10.00 am | - | Vayattuparamba: Parish Council Meeting |
| | 02.30 pm | - | Alakode: Parish Council Meeting |
| 30 | 08.30 am | - | Kunnoth: GSMS |
| | 02.30 pm | - | Kunnoth: Parish Council Meeting |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
**മാർ ജോർജ് ഞറളക്കാട്ട്**

**ഏപ്രിൽ 2023**

24 രാവിലെ കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം തലശ്ശേരി സന്ദേശഭവനിൽ നടത്തപ്പെട്ട ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

25 രാവിലെ ദ്വാരക ഇടവകാംഗമായ ബഹു. മാത്യു കഴുതാടിയിലച്ചന്റെ പിതാവ്, വർഗീസ് കഴുതാടിയിലിന്റെ നിര്യാണത്തെത്തുടർന്ന് വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു. വൈകുന്നേരം സാന്തോം റീജിയണൽ ബിഷപ്സ് ഹൗസിൽ നടത്തപ്പെട്ട ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

26 വാഹനാപകടത്തിൽ മരിച്ച വെള്ളരിക്കുണ്ട് ഇടവകാംഗം പുത്തൻപുരയ്ക്കൽ സ്നേഹ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.

27 മഞ്ഞളാംപുറം ഇടവകാംഗമായ അതുല്യ കീച്ചേരിയുടെ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമം നടത്തി.

28 ചെറുപുഴയിൽ വച്ച് നടന്ന ജീസസ് യൂത്ത് സംഗമത്തിൽ വി. കുർബാന അർപ്പിച്ച് യുവജനങ്ങളോട് സംസാരിച്ചു.

29 ബദിയടുക്ക ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ദേലംപാടി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് വചന സന്ദേശം നൽകി.

30 കാപ്പിമല ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

**മെയ് 2023**

01 മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

02 വൈകുന്നേരം മാനന്തവാടി രൂപതയിലെ പാടിച്ചിറ ഇടവകയുടെ

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

03 പൊൻമല ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

04 മണ്ഡപം ഇടവകയിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കു വേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ഗ്രാസിയ സംഗീത അക്കാദമിയുടെ ചിറ്റാരിക്കാൽ യൂണിറ്റ് ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം പെരിങ്കരി ദൈവാ ലയത്തിൽ വച്ച് കുന്നോത്ത് ഫോറോനയിലെ വൈദികരുടെ മാസധ്യാന ത്തിൽ പങ്കെടുത്ത് വചന സന്ദേശം നൽകി.

06 മാനന്തവാടി രൂപതാംഗമായ ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെ നിര്യാണത്തെത്തുടർന്ന് ദ്വാരകയിൽ ചെന്ന് പ്രാർത്ഥിച്ചു. നടവയലിൽ CMC സന്യാസിനീ സമൂഹത്തിലെ സുവർണ്ണ-രജത ജൂബിലി ആഘോ ഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം, മാനന്തവാടിയിലെ സീതാമൗണ്ട് ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമികത്വം വഹിച്ചു.

07 നടവയൽ ഫോറോന ദേവാലയത്തിൽ വച്ച് നടന്ന കുട്ടികളുടെ ദിവ്യ കാര്യണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

08 തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്ന വൈദീകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

09 ഉച്ചകഴിഞ്ഞ് മാനന്തവാടി കത്തീഡ്രൽ ഇടവകാംഗമായ ബഹു. സി. റോസ്ബൽ MSMI യുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം, കുന്നോത്ത് എസ്റ്റേറ്റിലെ മാനേജർ, ബഹു. വർഗ്ഗീസ് ചെരിയംപുറത്തിലച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

10 രത്നഗിരി ഇടവകാംഗവും സെന്റ് കാമില്ലസ് സഭയുടെ പ്രൊവിൻഷ്യ ലുമായ ബഹു. ബിജോയ് കുളിരാനിയിലച്ചന്റെ പിതാവ്, വർക്കിച്ചൻ കുളിരാനിയിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മ ങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ്, SABS സന്യാസിനീ സമൂഹാംഗമായ ബഹു. സി. സെറ്റല്ലാ മരിയ കൊല്ലക്കൊമ്പിലിന്റെ മൃത സംസ്ക്കാര ശുശ്രൂഷയുടെ അവസാന ഭാഗത്തിന് കാർമികത്വം വഹിച്ചു.

12 എടൂർ ഫോറോന ദേവാലയത്തിൽ വച്ച് നടന്ന കുട്ടികളുടെ Christeen

Eucharistic Conference -ൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം, വിരാജ്പേട്ടയിലെ സാന്താ മാതാ നഴ്സിംഗ് കോളേജിൽ ലാമ്പ് ലൈറ്റിംഗ് സെറിമണി നടത്തുകയും നഴ്സസ് ദിന സന്ദേശം നൽകുകയും ചെയ്തു.

14 ബാംഗ്ലൂരിലെ കൊത്തനൂർ ഇടവകയിൽ വച്ച് നടന്ന കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന് മുഖ്യ കാർമികത്വം വഹിച്ചു.

15 രാജഗിരി ഇടവകയിലെ പൂക്കുളത്തിൽ ആശിഷും ആർലെറ്റും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം, കച്ചേരികടവ് ഇടവകയിലെ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു.

17 ചെമ്പത്തൊട്ടി ഫോറോന ദൈവാലയത്തിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ കുട്ടികൾക്കുവേണ്ടി വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ്, മാലോം ഇടവകാംഗമായ ബഹു. ബിജു അമ്മിയാനിക്കലച്ചന്റെ പിതാവ്, മാത്യു അമ്മിയാനിക്കലിന്റെ നിര്യാണത്തെത്തുടർന്ന് വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു.

19 കോതമംഗലം രൂപതാംഗമായ ബഹു. ലൂക്ക് ഞരളക്കാട്ടച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

20 ബഹു. ലൂക്ക് ഞരളക്കാട്ടച്ചനുവേണ്ടി ആരക്കുഴ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ്, അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മെയ് 2023**

01 മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള വി. കുർബാനയിൽ പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദീക വസ്ത്രം സ്വീകരിച്ച സഹോദരങ്ങളെ സന്ദർശിച്ചു.

02 വെളിമാനം ഇടവകയിൽ സന്യാസ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. മാരിസ് സ്റ്റെല്ല CMC യുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

04 ഫാദർ ജേക്കബ് കരോട്ടിന്റെ ഒന്നാം ചരമവാർഷികത്തോട് അനുബന്ധിച്ച് ചെമ്പൻതൊട്ടി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അമ്മിയാനിക്കൽ അച്ചന്റെ പിതാവ് മാത്യു അമ്മിയാനിക്കലിനെ ആശുപത്രിയിൽ സന്ദർശിച്ചു.

05 പേരാവൂർ ഇടവകയിൽ മരണപ്പെട്ട ബഹുമാനപ്പെട്ട പ്രെജിൽ പണ്ടാരപ്പറമ്പിലച്ചന്റെ മാതൃമാതാവ് അന്നമ്മ താഴത്തുവീട്ടിലിന്റെ ചരമശുശ്രൂഷകൾക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

06 ആലക്കോട് ഇടവകയിൽ വച്ചു നടന്ന ആലക്കോട് ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽക്കുകയും ചെയ്തു. കുന്നോത്ത് ഇടവകയിൽ വച്ച് പ്ലാറ്റിനശ്ശേരി സെയ്റിന്റെ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകിട്ട് പൈസക്കരി ഇടവകയിൽ വച്ച് നെട്ടനാനി ബിബിൻ - റോഷ്നി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു

07 കല്ലുവയൽ ഇടവകയിൽ വച്ച് സന്യാസ രജത ജൂബിലി ആഘോഷിക്കുന്ന സി. സിൽവിയ വലിയമറ്റം സി.എം.സി യുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

# JUNE 2023 ENGAGEMENTS
## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 03 | - | Pala: Marriage |
| 07 | - | Kuzhikattussery: Holy Mass & Novena |
| 12-16 | - | Synod |

**Secretary to the Archbishop Emeritus**

10 കോഴിക്കോട് വേനപ്പാറയിൽ വച്ച് സഹോദരിയുടെ പുതിയ ഭവനം ആശിർവദിച്ചു.

11 പാലായിൽ വച്ച് പരേതനായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ പിതാവ് ശ്രീ മാത്യു കല്ലറങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ സഹകാർമ്മികത്വം വഹിച്ചു.

12 കൂടത്തായി ഇടവകയിലെ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

17 എടൂർ ഇടവകയിൽ വച്ച് നടന്ന ഏഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

18 മാലോം ഇടവകയിൽ വെച്ച് മരണപ്പെട്ട ഫാദർ സെബാസ്റ്റ്യൻ അമ്മിയാനിക്കലിന്റെ പിതാവ് മാത്യു അമ്മിയാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വീട്ടിൽ നേതൃത്വം നൽകി.

19 മേരിഗിരി ഇടവകയിൽവെച്ച് മരണപ്പെട്ട പഴയിടം ടോമിയുടെ ഭവനം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം നെല്ലിപ്പാറ ഇടവകയിൽ സുഡാനിൽ വെച്ച് മരണപ്പെട്ട ആൽബർട്ട് ആലവേലിയുടെ ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

20 തൃശ്ശൂരിൽ വെച്ച് നടന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചുള്ള കുർബാനയിൽ സഹകാർമികത്വം വഹിച്ചു.



തലശേരി അതിരൂപതയ്ക്കുവേണ്ടി ഈ വർഷം
വൈദികവസ്ത്രം സ്വീകരിച്ച വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാവിനോടൊപ്പം

## നവ സന്യാസിനിമാർക്ക് അഭിനന്ദനങ്ങൾ



സി. അപർണ്ണ ജോണി S H



സി. അലീന മാത്യു S H



സി. ബിൻസി മാത്യു S H



സി. ലോണ തെരേസ് S H

RNI Reg. No. 5910 Date of Publication: 28/05/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24

## ജൂൺ 04 പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ




Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.